# നേർവീഥി

നിത്യതയ്ക്കോരു വഴികാട്ടി

Volume - 10 Issue - 5 July 2021



## അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ

പേജ് 19

വില 20 രൂപ

Editorial

# സുരക്ഷയ്ക്കുള്ള
# മുൻകരുതലുകൾ സ്വീകരിക്കുക

ലോകത്തിൽ ഇപ്പോൾ പടർന്നുകൊണ്ടിരിക്കുന്ന കടുത്ത പകർച്ചവ്യാധിയായ കോവിഡ് 19 നിമിത്തം, ഒരുപക്ഷെ ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന രാജ്യമാണ് നമ്മുടെ ഭാരതം. ആശുപത്രികളിൽ കിടക്കകളുടെ പരിമിതിയും, അവശ്യമരുന്നുകളുടെ ദൗർലഭ്യവും, ഓക്സിജൻ സിലണ്ടർ ക്ഷാമവും, കടുത്ത നിലയിൽ രോഗം ബാധിച്ചവർക്ക് രക്ഷപ്പെടുവാനുള്ള സാധ്യത കുറയ്ക്കുന്നു. ആരോഗ്യപ്രവർത്തകർ രോഗബാധിതരാകുന്നു. അതിനാൽ വൈദ്യസഹായം പിന്നെയും പരിമിതപ്പെടുകയാണ്. ഈ ഭീതിജനകമായ സാഹചര്യത്തിൽ ചികിത്സയ്ക്ക് താങ്ങാൻ കഴിയാത്ത ഫീസ് ചുമത്തുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, സമസൃഷ്ടങ്ങളോട് ക്രൂരത കാട്ടുകയാണ്. എല്ലാവരിലും മനുഷ്യത്വം ഉണരേണ്ട സമയം ആണിത്.

സ്വരക്ഷയ്ക്കുള്ള മുൻകരുതലുകൾ സ്വീകരിക്കുക എന്നതാണ് അത്യാവശ്യമായും ഓരോരുത്തരും ചെയ്യേണ്ടത്. മറ്റുള്ളവർ അത് ചെയ്യുന്നില്ല എന്ന് കരുതി, നാം ചെയ്യാതിരിക്കരുത്. മാസ്ക് ധരിക്കുന്നതും, ശാരീരിക അകലം പാലിക്കുന്നതും, കൈകൾ ശുദ്ധി വരുത്തുന്നതും, ഓരോരുത്തരും അവരവരുടെ ജീവിതത്തിൽ അച്ചടക്കത്തിന്റെ ഭാഗം ആക്കണം. അങ്ങനെ ചെയ്യുന്നവർക്ക് ഭയമാണെന്ന്, ചിലപ്പോൾ അജ്ഞത മൂലം മറ്റുള്ളവർ ആക്ഷേപിച്ചേക്കാം. സുരക്ഷയ്ക്കുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് ലജ്ജിക്കേണ്ട കാര്യമില്ല. മാസ്ക് ധരിക്കുമ്പോൾ ഒരു സർജിക്കൽ മാസ്കിനോടൊപ്പം, തുണി കൊണ്ടുണ്ടാക്കിയ മാസ്കും കൂടെ ധരിക്കുന്നത് കൂടുതൽ പ്രയോജനകരമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. രോഗത്തിന്റെ വ്യാപനത്തെ പ്രതിരോധിക്കുവാൻ നാം ചെയ്യേണ്ടത് ചെയ്യുക തന്നെ വേണം. നമ്മുടെയും മറ്റുള്ളവരുടെയും സുരക്ഷയ്ക്ക് ഇതാവശ്യമാണ്. അധികാരികൾ നൽകുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുവാൻ ഉത്സാഹിച്ചു കൊണ്ടുവേണം ദൈവീക സംരക്ഷണത്തിനായി പ്രാർത്ഥിക്കേണ്ടത്. ആത്യന്തികമായി നമ്മെ സംരക്ഷിക്കുന്നത് ദൈവം തന്നെയാണ്. ഭയത്തിനു ഹൃദയത്തിൽ സ്ഥാനം കൊടുക്കാതിരിക്കുക.

പൂർണ്ണ ആശ്രയം ദൈവത്തിൽ അർപ്പിക്കുക. മറ്റുള്ളവരുടെ സൗഖ്യത്തിൽ തല്പരരായി അവർക്കായി പ്രാർത്ഥിക്കുക. പിശാച് ഈ സമയത്ത് കൂടുതൽ വൈരാഗ്യത്തോടെ നമുക്കെതിരെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കി, അവനെതിരെ പോരാടുന്നതിൽ ജാഗ്രതയുള്ളരാവുക. ഈ വിഷയത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. യേശു വെള്ളം വീഞ്ഞാക്കിയതിനെ ആത്മിക തലത്തിൽ ഒരു പുതിയ മാനം പകർന്ന്, സാജു തന്റെ ലേഖനത്തിൽ വിവരിക്കുന്നു. ആത്മികതയിലെ വ്യക്തിഗതവും സാമൂഹികവും ആയ വ്യത്യസ്ത തലങ്ങളിലെ അനുഭവങ്ങളെക്കുറിച്ചു ബാബു ചെറിയാൻ വിശദീകരിക്കുന്നു. ബേത്ലെഹേം മുതൽ കാൽവറി വരെ നുറുക്കപ്പെടുന്ന അനുഭവത്തിലൂടെ കടന്നുപോയ ജീവന്റെ അപ്പത്തെക്കുറിച്ചു; അറിയപ്പെടുന്ന ഒരു ശാസ്ത്രജ്ഞനും, അനുഭവസമ്പത്തുള്ള സുവിശേഷകനുമായ ഡോക്ടർ സിനി മനോഹരമായി വ്യക്തമാക്കുന്നു. നമ്മുടെ ഗുരുവിനെപ്പോലെ ആയിത്തീരുവാനുള്ള അനുഭവങ്ങളിലെ പ്രക്രിയകളാണ് ഫ്രാൻഗിപ്പെന്റെ പ്രതിപാദ്യം.

പ്രതിസന്ധികളുടെ കാർമേഘങ്ങൾക്കിടയിലും പ്രത്യാശ നൽകുന്ന വാഗ്ദത്തങ്ങളെ മുറുകെപ്പിടിച്ചു കൊണ്ട് നിത്യതയുടെ ശുഭതുറമുഖത്തേയ്ക്കു ഉത്സാഹത്തോടെ യാത്ര തുടരുവാൻ ദൈവം നമ്മെ ശക്തീകരിച്ചു സഹായിക്കട്ടെ.

പുസ്തകം 10 ലക്കം 5
ജൂലായ് 2021

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

**ജാഗ്രത പുലർത്തുക** 4
ജോയ് എം. തോമസ്

**യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം** 7
സാജു മാത്യു

**വ്യക്തിഗത ആത്മീയത** 9
ബാബു ചെറിയാൻ

**നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം** 11
ഡോ. സിനി ജോയ്സ് മാത്യു

**നമ്മുടെ ഗുരുവിനെപ്പോലെ ആകുവാൻ...** 13
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**മദ്യപാനം യുവതലമുറയെ വഴി തെറ്റിക്കുന്നു** 16
സുജിത് സൈമൺ

**അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ** 19
ചെയ്സ് ജോസഫ്

**വനിതാ വീഥി** 22
ജെസ്സി സാജു

**കർത്താവിന്റെ ഏറ്റവും അടുത്തേക്ക്** 25
ഷാജി ഉമ്മൻ

**വേദ അധ്യയനം** 27
ജോയ് എം. തോമസ്

**എക്കാലത്തും ആശ്രയംദൈവത്തിൽ മാത്രം** 31
എംസി



ജോയ് എം. തോമസ്

# ജാഗ്രത പുലർത്തുക

കോവിഡ് 19-ന് എതിരെയുള്ള പോരാട്ടം ആരംഭിച്ചിട്ട് ഒരു വർഷത്തിലധികമായി. വിജയം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോവിഡ് വ്യാപനത്തിൽ നമ്മുടെ രാജ്യം മുൻനിരയിലാണ്. ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ഓരോ ദിവസവും നാം കേൾക്കുന്നത്. ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയും, മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ജാഗ്രത പുലർത്തുന്നതും ആണ് ആവശ്യമായിരിക്കുന്നത്. യഥാർത്ഥത്തിൽ നാം ശ്രദ്ധ പുലർത്തേണ്ട മേഖലയിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. പത്രോസിന്റെ ലേഖനത്തിൽ നിന്നും ചില വേദഭാഗങ്ങൾ ഉദ്ധരിക്കുന്നു. നിർമ്മാദരായിരിക്കുവിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞ് ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദര വർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായിവരുന്നു എന്നറിഞ്ഞ്, വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോട് എതിർത്തു നിൽപ്പീൻ(1 പത്രോസ് 5: 8, 9).

കൊറോണയ്ക്കെതിരെ ജാഗ്രത പുലർത്തണമെന്നതുപോലെ, പിശാചിന്റെ തന്ത്രങ്ങൾക്കെതിരെ നാം ജാഗരൂകരായിരിക്കണം. കൊറോണവൈറസിനെ പ്രതിരോധിക്കുന്നതിന്, ശരീരത്തിന് പ്രതിരോധശക്തി നൽകുന്ന പോഷകാഹാരം കഴിക്കണം എന്നതുപോലെ, പിശാചിന്റെ തന്ത്രങ്ങൾക്കെതിരെ പോരാടുവാൻ പ്രാപ്തി ലഭിക്കുന്നത് ദൈവവചനം ധ്യാനിക്കുന്നത്തിലൂടെയും, വെളിപ്പെട്ട ലഭിക്കുന്ന വചന സത്യങ്ങൾ അനുസരിക്കുന്നതിലൂടെയും ആണ്. മാസ്ക് ധരിക്കുക, കൂടെക്കൂടെ കൈകൾ സോപ്പിട്ടു വൃത്തിയായി കഴുകുക, അകലം പാലിക്കുക, തുടങ്ങി നൽകപ്പെട്ടിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വരുത്തുന്ന വീഴ്ച ഗുരുതരമായ പ്രശ്നമാണ്. ഒരു ചെറിയ ശതമാനം കൃത്യമായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ആഗ്രഹിക്കുന്നവർ ആയിരിക്കാം. എന്നാൽ അതുകൊണ്ട് കാര്യമില്ലല്ലോ! ഭൂരിപക്ഷം ആളുകളും മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെ ഇരിക്കുമ്പോൾ, പാലിക്കുവാൻ ആഗ്രഹിക്കുന്ന ന്യൂനപക്ഷവും ഭൂരിപക്ഷത്തോടു ചേർന്ന് ഒഴുകിത്തുടങ്ങും. പിശാചിനെതിരെയുള്ള പോരാട്ടത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. ദൈവവചനം കൃത്യമായി പാലിക്കണം എന്ന് ആഗ്രഹിക്കുകയും, ദൈവത്തെ സ്നേഹിക്കുകയും, ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടാണ് പിശാചിനോട് എതിർക്കേണ്ടത്. എന്നാൽ ഇന്ന് വചനം അനുസരിച്ച്, ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കുന്നതിൽ ശ്രദ്ധ ഉള്ളവർ എത്രപേരുണ്ട്? കുറെ അറിവ് സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ ആണ് പലരും ബൈബിൾ പഠിക്കുന്നത്. അല്ലെങ്കിൽ ഒരു അനുഷ്ഠാനം

**കുറെ അറിവ് സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ ആണ് പലരും ബൈബിൾ പഠിക്കുന്നത്. അല്ലെങ്കിൽ ഒരു അനുഷ്ഠാനം എന്ന നിലയിൽ ബൈബിൾ വായിക്കുന്നു. പ്രാർത്ഥനാമീറ്റിങ്ങുകളിൽ പ്രസംഗം ഒരു പ്രോഗ്രാമായി മാറിയിരിക്കുന്നു.**

എന്ന നിലയിൽ ബൈബിൾ വായിക്കുന്നു. പ്രാർത്ഥനാമീറ്റിങ്ങുകളിൽ പ്രസംഗം ഒരു പ്രോഗ്രാമായി മാറിയിരിക്കുന്നു. മീറ്റിംഗിൽ സംബന്ധിക്കുന്നവർ നിർവിചാരികളായി പ്രസംഗം കേൾക്കുന്നു. ഇങ്ങനെ ദൈവവചനത്തോടുള്ള ഉപേക്ഷാമനോഭാവം ഗുരുതരമായ പ്രശ്നമാണ്. ഈ നിലയിൽ, ദീർഘനാളുകൾ ആത്മികമായി ബലഹീനരായാൽ പിശാചിനോട് എതിർത്തു നിൽക്കുവാൻ കഴിയുന്നത് എങ്ങനെ?

പിശാചിനോട് ഉള്ള പോരാട്ടത്തിനു നമ്മെ ശക്തീകരിക്കേണ്ടതിനുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ അപ്പോസ്തലനായ പത്രോസ് നമുക്ക് നൽകുന്നുണ്ട്. അതിൽ പ്രധാനമായത് ഇവിടെ കുറിക്കുന്നു.

**1. താഴ്മ ധരിക്കുക**

എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊള്ളുവീൻ (1 പത്രോസ് 5: 5).

സ്വതവേയുള്ള മനുഷ്യപ്രകൃതം നിഗളിക്കുന്നതാണ്. എത്ര ആത്മീയരായാലും നിഗളത്തോടു സൂക്ഷ്മത പുലർത്തേണ്ടത് വളരെ ആവശ്യമാണ്. പൗലോസ് വളരെ സമർപ്പിതനും, ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ നമുക്ക് മാതൃകയായി സ്വീകരിക്കാവുന്ന വ്യക്തിയുമാണ്.തനിക്ക്ദൈവം നൽകിയ വെളിപ്പാടുകളുടെ ആധിക്യത്താൽ തന്നിൽ നിഗളം വളരുവാനുള്ള സാധ്യത ദൈവം കണ്ടത് കൊണ്ടാണ്, ശരീരത്തിൽ ഒരു മുള്ള് അവിടുന്ന് അനുവദിച്ചത്. (2 കൊരിന്ത്യർ 12:7) പൗലോസിനു നിഗളം ഒരു പ്രശ്നം ആകാൻ സാധ്യത ഉണ്ടായിരുന്നു എങ്കിൽ, നമ്മിൽ എത്ര അധികം? ദൈവത്തിന് അല്പംപോലും സഹിക്കാൻ കഴിയാത്തതാണ് നിഗളം. നിഗളികളോട് ദൈവം എതിർത്തു നിൽക്കുന്നു. അതിനാൽ എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു കൊൾവീൻ എന്ന് വചനം നമ്മെ പ്രബോധിപ്പിക്കുന്നു.

**2. ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിക്കുക.**

അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കരങ്ങളിൽ താണിരിക്കുവിൻ (1 പത്രോസ് 5 :6) താഴ്മ ധരിക്കുന്നവർക്കു അന്യോന്യം കീഴടങ്ങി ഇരിക്കുവാൻ കഴിയും. അവർ ശാഠ്യസ്വഭാവം ഉപേക്ഷിക്കുന്നതിനാൽ മറ്റുള്ളവരെ അംഗീകരിക്കുവാനും ബഹുമാനിക്കുവാനും കഴിയും. ഇപ്രകാരമുള്ള മനോഭാവം ഉണ്ടായിരിക്കുന്നതിനാലാണ് ദൈവത്തിന്റെ കൈക്കീഴിൽ താണിരിപ്പാൻ കഴിയുന്നത്. ദൈവത്തിന്റെ കൈക്കീഴിൽ താണിരിക്കുക എന്നാൽ, പൂർണ്ണ ആശ്രയം ദൈവത്തിൽ അർപ്പിച്ച്, ദൈവത്തിനായി കാത്തിരിക്കുക എന്നതാണ്. മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞു കൊള്ളുവീൻ, ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും, ഞാൻ ഭൂമിയിൽ ഉന്നതനാകും (സങ്കീർത്തനം 46: 10) എന്ന് നാം വായിക്കുന്നു. ദൈവഹിതത്തിനു വേണ്ടി സമർപ്പിച്ച്, ദൈവത്തിൽ പൂർണ ആശ്രയം അർപ്പിച്ച്, ദൈവത്തിനായി നാം കാത്തിരിക്കുമ്പോൾ അത് പിശാചിനോട് എതിർത്തു നിൽക്കുന്ന പ്രതിരോധമാണ് (യാക്കോബ് 4:7)

**3. സകല ചിന്താകുലങ്ങളും കർത്താവിന്റെ മേൽ ഇടുക**

'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊള്ളുവീൻ' (1 പത്രോസ് 5: 7). ദൈവത്തിനായി കാത്തിരിക്കുന്നതിനു സഹിഷ്ണുത വളരെ അത്യാവശ്യമാണ്. അലറുന്ന സിംഹം പോലെ അലറി പേടിപ്പിക്കുക എന്നതാണ് പിശാചിന്റെ തന്ത്രം. നമ്മുടെ ചിന്തകളിൽ ആണ് പിശാച് കടന്ന് ആക്രമണം നടത്തുന്നത്. ഭയപ്പെടുത്തുന്ന ചിന്തകളെ മനസ്സിലേക്കു കൊണ്ടുവന്നു മനസ്സിനെ അരക്ഷിത ബോധത്താൽ നിറയ്ക്കുക എന്നത് പിശാചിന്റെ തന്ത്രമാണ്. സിംഹത്തിന്റെ അലർച്ച കേൾക്കുമ്പോൾ ഉണ്ടാകുന്നതു പോലുള്ള ഭയം അപ്പോൾ മനസ്സിൽ അനുഭവപ്പെടുന്നു. ഓർക്കുക ഇത് പിശാചിന്റെ തന്ത്രമാണ്. ദൈവത്തിനായി കാത്തിരിക്കുന്നതിൽ നിന്ന് പിന്മാറരുത്. കർത്താവ് നമുക്കായി കരുതുന്നു എന്നതിൽ പൂർണ്ണ ഉറപ്പുള്ളവർ ആയിരിക്കുക. കാരണം കർത്താവ് നമുക്കായി കരുതുന്നു എന്നത് തർക്കമറ്റ കാര്യമാണ്. അതിനാൽ എല്ലാ ചിന്താകുലവും കർത്താവിന്റെ മേൽ ഇടുക.

ചിന്താകുലങ്ങൾ കർത്താവിന്റെ മേൽ ഇടുക എന്ന് പറഞ്ഞാൽ ഹൃദയം തുറന്ന് എല്ലാം കർത്താവിനോടു പറയുക എന്നാണ് അർഥം. അതിന്റെ വിശദീകരണമാണ് അപ്പോസ്തലനായ പൗലോസ് നൽകുന്നത്: ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടി ദൈവത്തോട് അറിയിക്കുകയത്രെ വേണ്ടത് (ഫിലിപ്പിയർ 4:6). കർത്താവ് നമുക്കായി കരുതുന്നു എന്ന് ഉറച്ചു കൊണ്ട്, ഹൃദയം തുറന്ന് എല്ലാം ആവശ്യങ്ങളും

ആകുലചിന്തകളും കർത്താവിനോട് പറയുമ്പോൾ, ചിന്താകുലങ്ങളുടെ മേൽ നമുക്ക് ജയം ലഭിക്കും.സകല ബുദ്ധിയെയും കവിയുന്ന ദൈവത്തിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ നിറയും. തക്കസമയത്ത് കർത്താവ് പ്രവർത്തിക്കുന്നത് വരെയും കാത്തിരിക്കുവാൻ നാം പ്രാപ്തരാകും.

**4. ഉണർന്നും ജാഗ്രതയുള്ളവരായും ഇരിക്കുക.**

നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ (1 പത്രോസ് 5:8)

മയക്കവും ഉറക്കവും കൊണ്ടുവരിക എന്നത് പിശാചിന്റെ മറ്റൊരു തന്ത്രമാണ്. പ്രാർത്ഥിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും പ്രാർത്ഥിക്കുവാൻ കഴിയാത്ത അവസ്ഥ സംജാതമാക്കുകയാണ് പിശാച് ചെയ്യുന്നത്. പിശാചിന്റെ ഈ തന്ത്രത്തോടു എതിർത്തു നിൽക്കണം.ഗത:സമനയിൽ തന്റെ ശിഷ്യന്മാർ ഉറങ്ങുന്നത് കണ്ടപ്പോൾ കർത്താവ് അവരോട് പറഞ്ഞു: പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ (മത്തായി 26:41). പിശാചിന്റെ തന്ത്രങ്ങൾ തിരിച്ചറിഞ്ഞ് സുബോധം ഉള്ളവരായിരിക്കുക എന്നതും, പ്രാർത്ഥനയിൽ ദൈവവുമായുള്ള ബന്ധം സജീവമായി നിലനിർത്തുക എന്നതും നാം കരുതിക്കൊള്ളേണ്ടതാണ്. അപ്പോൾ പിശാചിന് പ്രവർത്തിക്കുവാൻ ഇടം കിട്ടില്ല.

**5. മധ്യസ്ഥത ചെയ്യുക**

ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്ത് നില്പിൻ (1 പത്രോസ് 5:9). ലോകത്തിലുള്ള നമ്മുടെ എല്ലാ സഹോദരങ്ങളും നാം നേരിടുന്ന പോരാട്ടങ്ങൾക്ക് സമാനമായ നിലയിൽ പിശാചിന്റെ പോരാട്ടങ്ങൾ നേരിടുന്നവരാണ്. പിശാച് നമ്മുടെ എല്ലാവരുടെയും ശത്രുവാണ്. അതിനാൽ നമ്മുടെ സഹോദരങ്ങൾക്കായി മധ്യസ്ഥത ചെയ്യുവാൻ നമുക്ക് കഴിയണം. പരസ്പരം ഓർത്ത് പ്രാർത്ഥിക്കുന്നത് നമ്മുടെ ഒരു സുരക്ഷാ മതിൽ ആയിരിക്കും. പരസ്പരം പ്രോത്സാഹിപ്പിക്കുകയും വിശ്വാസത്തിൽ ധൈര്യപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നത് ശത്രുവിനെതിരെ നിൽക്കുവാൻ നമ്മെ ശക്തരാക്കും. ദൈവത്തോടും ദൈവമക്കളോടും ഉള്ള കൂട്ടായ്മയും ഐക്യതയോടെയുള്ള പ്രാർത്ഥനയും നമുക്ക് വളരെ അത്യാവശ്യമാണ്. കൊറോണയുടെ വ്യാപനത്തിൽ ഉണ്ടായിരിക്കുന്ന ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ദൈവമക്കൾക്ക് ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നതിനു തടസ്സങ്ങൾ ഉണ്ടെങ്കിലും, എവിടെയെല്ലാം ചെറിയ ഗ്രൂപ്പുകളായി, കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് കൊണ്ട് ഒരുമിച്ച് പ്രാർത്ഥിക്കുവാൻ കഴിയുമോ, അതിനായി നാം ഉത്സാഹിക്കേണ്ടതാണ്. കൂട്ടായ്മകളെ അപ്പാടെ അവഗണിക്കുന്ന പ്രവണത ഉണ്ടാകരുത്. കൂട്ടായ്മകളിൽ കൂടുന്നവർ, അത് ആത്മീയ നിലവാരമുള്ള, യഥാർത്ഥമായും ദൈവസാന്നിധ്യം അനുഭവപ്പെടുന്ന പ്രാർത്ഥനാസമയം ആയിരിക്കുവാൻ പരിശുദ്ധാത്മാവിന് വിധേയപ്പെടണം. ആത്മാർത്ഥതയോടെ നാം ദൈവത്തെ അന്വേഷിക്കണം. ഹൃദയത്തകർച്ചയോടെ സത്യമായി തന്നെ വിളിച്ച് അപേക്ഷിക്കുന്നവർക്ക് ആണല്ലോ തന്റെ സാമിപ്യം അനുഭവിക്കുവാൻ കഴിയുന്നത്. (സങ്കീർത്തനം 34:18)

**6. പ്രത്യാശ ഉള്ളവരായിരിക്കുക.**

ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി, ഉറപ്പിച്ചു ശക്തീകരിക്കും. (1 പത്രോസ് 5 :10). നാം സത്യ തേജസ്സിൽ പങ്കാളികളാകുവാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ ഭാവി ക്രിസ്തുവിൽ സുരക്ഷിതമാണ്. അപ്പോൾ ഭയത്തിനും നിരാശയ്ക്കും സ്ഥാനം ഉണ്ടാകില്ല.ഈ മഹാമാരിയുടെ പശ്ചാത്തലത്തിൽ ആശങ്കയാണ് ജാഗ്രതയാണ് ആവശ്യം. പ്രത്യാശയുടെ സമൃദ്ധിയിൽ നിന്നും ഉളവാകുന്ന സന്തോഷത്താൽ നമ്മുടെ ഹൃദയം നിറഞ്ഞിരിക്കട്ടെ. നമ്മെ ചേർക്കുവാൻ നമ്മുടെ കർത്താവ് വേഗം വരുന്നു. •

## *പ്രത്യേക അറിയിപ്പ്*

***കോവിഡ് 19 മൂലം ലോക്ക്ഡൗൺ ആയിരുന്നതിനാൽ നേർവീഥി മാസികയുടെ മെയ്, ജൂൺ ലക്കങ്ങൾ പ്രസിദ്ധീകരിക്കുവാനോ അയക്കുവാനോ കഴിഞ്ഞില്ല എന്നത് ഖേദപൂർവം വായനക്കാരെ അറിയിക്കുന്നു. ദൈവം അനുവദിച്ചാൽ ജൂലൈ ലക്കം പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നു. മാന്യ വായനക്കാരുടെ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.***

എഡിറ്റർ



സാജു മാത്യു

# യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം...

***എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ച ശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്. നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വച്ചുവല്ലോ എന്നു അവനോടു പറഞ്ഞു: യോഹന്നാൻ 2:10***

**കാ**നാവിലെ കല്യാണത്തിനു യേശു വെള്ളം വീഞ്ഞാക്കിയ സംഭവം സ്വന്തം ഭാഷയിൽ വിവരിക്കുവാൻ ഒരു സണ്ടേസ്കൂൾ ക്ലാസിൽ ആവശ്യപ്പെട്ടപ്പോൾ ഒരു കുട്ടി എഴുതിയത്, 'കൽഭരണിയിലെ വെള്ളം അതിന്റെ യജമാനനെ കണ്ടപ്പോൾ തുടുത്തു ചുവന്നുപോയി' (The water in the stone jars saw its master and blushed) എന്നായിരുന്നു.

യേശു കാനാവിൽ വെള്ളം വീഞ്ഞാക്കിയത് ആക്ഷരികമായി സംഭവിച്ച ഒരു അത്ഭുതപ്രവൃത്തിയാണ്! സമവീക്ഷണ (മത്തായി, മർക്കൊസ്, ലൂക്കൊസ്) സുവിശേഷകർക്കു യേശുവിന്റെ അത്ഭുതപ്രവൃത്തി, അവന്റെ രാജ്യത്തിന്റെ ആഗമനം വിളിച്ചോതുന്ന അധികാരത്തിന്റെയും ശക്തിയുടെയും പ്രതിഫലനമാണ്. യോഹന്നാൻ അതു ശരിവയ്ക്കുന്നതിനോടൊപ്പം അത്ഭുതങ്ങളിൽ അന്തർലീനമായിരിക്കുന്ന ഒരു അടയാളം (sign) ഉണ്ടെന്നും അതു യേശുവിന്റെ ജഡാവതാരത്തിന്റെ ലക്ഷ്യത്തിന്റെയും, പ്രവൃത്തിയുടെയും വെളിപ്പാടാണെന്നും പറഞ്ഞു.

മശിഹായുടെ ആഗമനത്തിങ്കൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സമൃദ്ധിയുണ്ടാകുമെന്നു യെഹൂദന്മാർ ഉറച്ചു വിശ്വസിച്ചിരുന്നു (യെശയ്യാ 30:23, യോവേൽ 3:18; ആമോസ് 9:13). അതുകൊണ്ടുതന്നെ കല്യാണവീട്ടിലെ വീഞ്ഞിന്റെ ആശ്ചര്യകരമായ സമൃദ്ധിയും, അയ്യായിരം പുരുഷന്മാർ അപ്പം ഭക്ഷിച്ചു സംതൃപ്തരായ സംഭവവും യേശു മശിഹയാണെന്നതിന്റെ തെളിവായി യെഹൂദന്മാർ കണക്കാക്കേണ്ടതായിരുന്നു. എന്നാൽ, ഈ പ്രവൃത്തികളിലൂടെ യേശു, താൻ മശിഹയാണെന്നു പറയുക മാത്രമല്ല, എങ്ങനെയാണു താൻ മശിഹയുടെ പ്രവൃത്തി ചെയ്യുന്നതെന്നുകൂടെ അടയാളമായി കാണിച്ചു കൊടുക്കുന്നുവെന്നാണ് യോഹന്നാന്റെ ഭാഷ്യം!

"അടയാളങ്ങളുടെ ആരംഭമായി യേശു കാനാവിലെ കല്യാണത്തിനു വെള്ളം വീഞ്ഞാക്കി" (യോഹന്നാൻ 2.11).

മശിഹയായി വന്ന താൻ യഹൂദമതത്തോട് എന്തു ചെയ്യുവാൻ പോകുന്നു എന്ന പ്രഖ്യാപനമാണ് ഈ പ്രവൃത്തിയിലൂടെ നാം കാണുന്നത്! കല്യാണ

**വാണിജ്യതന്ത്രജ്ഞരായ സദൂക്യരുടെയും, വചനം അക്ഷരമാക്കിയ ശാസ്ത്രിമാരുടെയും, കൈപ്പിടിയിൽ യഹൂദമതം വീര്യമില്ലാത്ത വെറും വെള്ളത്തിനു താഴെ വിരസതയിൽ മുങ്ങിക്കിടന്നു! യെഹൂദമതത്തിൽ വീഞ്ഞു തീർന്നുപോയി.**

വീട്ടിൽ വീഞ്ഞ് തീർന്നു പോയി (യോഹന്നാൻ 2:3) എന്നത് യെഹൂദമതത്തിൽ "വീഞ്ഞു തീർന്നു പോയി" എന്നാണ് നാം മനസ്സിലാക്കേണ്ടത്

ദൈവവുമൊന്നിച്ച് വൈകുന്നേരങ്ങളിൽ ഉല്ല സിച്ചാഹ്ലാദിച്ച ആദമിന്റെ കാലം തീർന്നുപോയി! അതുവരെ കണ്ടിട്ടില്ലാത്തവയെക്കുറിച്ചു അരുള പ്പാടു പ്രാപിച്ച്, പെട്ടകം പണിത നോഹയുടെ കാലം തീർന്നുപോയി! ദൈവത്തോടൊന്നിച്ചു ഭക്ഷണം കഴിച്ചു സൗഹൃദസംഭാഷണം നടത്തി യിരുന്ന അബ്രാഹാമിന്റെ കാലം തീർന്നുപോയി! ചെങ്കടൽ കടന്ന ആവേശത്തിൽ തപ്പെടുത്തു നൃത്തംചെയ്ത മിര്യാമിന്റെ കാലം തീർന്നു പോയി! യഹോവയുടെ പെട്ടകത്തിനു മുമ്പിൽ പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട്, കുതിച്ചു നൃത്ത മാടിയ ദാവീദിന്റെ കാലങ്ങൾ കഴിഞ്ഞുപോയി. യഹോവയുടെ മുമ്പിൽ ഉത്സവമാചരിക്കാൻ കൂടാരങ്ങൾ ഉണ്ടാക്കിയ എസ്രാശാസ്ത്രിയുടെ കാലങ്ങൾ തീർന്നുപോയി.

യെഹൂദമതത്തിൽ വീഞ്ഞു തീർന്നുപോയി! ഉള്ളിൽ നുരഞ്ഞുപൊങ്ങുന്ന യഹോവയിങ്കലെ സന്തോഷം ഒരു ഓർമപോലുമില്ലാതെ സമ്പ്രദാ യങ്ങളുടെ തൊഴുത്തിൽ, കഴുത്തിൽ കയറിട്ട കാ ലികളെപ്പോലെ യെഹൂദാമക്കൾ വരണ്ടുനീണ്ട മുഖവുമായി ദുഃഖം അനുഭവിച്ചും അഭിനയിച്ചും നടന്നു. വാടിയ മുഖം കാണിക്കുന്ന പരീശന്മാ രുടെയും, വാണിജ്യതന്ത്രജ്ഞരായ സദൂക്യ രുടെയും, വചനം അക്ഷരമാക്കിയ ശാസ്ത്രിമാ രുടെയും, കൈപ്പിടിയിൽ യഹൂദമതം വീര്യമി ല്ലാത്ത വെറും വെള്ളത്തിനു താഴെ വിരസതയിൽ മുങ്ങിക്കിടന്നു! യെഹൂദമതത്തിൽ വീഞ്ഞു തീർന്നുപോയി. ഇവിടയെയാണ് വീറുള്ള വീഞ്ഞു പകരാൻ മശിഹ ആഗതനാവുന്നത്!

പഴയനിയമത്തെ തകർത്തുകളയാനല്ല യേശു വന്നത്. "ഞാൻ ന്യായപ്ര മാണത്തെയോ പ്രവാ ചകന്മാരെയോ നീക്കുവാൻ വന്നുവെന്നു നിങ്ങൾ നിരൂപിക്കരുത്. നീക്കുവാനല്ല, നിവൃത്തിപ്പാനത്രേ ഞാൻ വന്നത്..." (മത്തായി 5:17) എന്നു യേശു പറഞ്ഞു.

ന്യായപ്രമാണം അതിൽതന്നെ തെറ്റല്ല, അപൂർണവുമല്ല. ന്യായപ്രമാണം ദൈവികം; അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും(ലേവ്യർ 18:5).ന്യായപ്രമാണം ആത്മികം! (റോമർ 7:14) പ്രശ്നമെന്തെന്നാൽ "ഞാനോ ജഡമയൻ" എന്നതാണ്. എനിക്കു ജീവനാകേണ്ടിയിരുന്ന പ്രമാണം എനിക്കു അനു സരിക്കാനാവാതെ ഞാൻ മരണത്തിനു അധീന നായിത്തീർന്നു. എന്നെ കീഴ്പ്പെടുത്തിയ പാപ ത്തിന്റെ കടംതീർക്കാൻ ഞാൻ യാഗമർപ്പിച്ചുകൊ ണ്ടേയിരുന്നു. എന്നാൽ, ദൈവത്തിന്റെ കണക്കു പുസ്തകത്തിൽ ഒരിക്കലും എന്റെ പാപത്തിന്റെ കടത്തെ യാഗംകൊണ്ടു ടാലി ചെയ്യാനാവാതെ ഞാൻ വിഷമിച്ചു: എന്റെ ഹൃദയത്തിന്റെ വീഞ്ഞു തീർന്നുപോയി! ന്യായപ്രമാണം എനിക്കു വിധിച്ച മരണത്തിന്റെ തൂക്കുകയർ കണ്ടു നിരാശയിൽ മുഖം പൊത്തിക്കരഞ്ഞുകൊണ്ടിരുന്ന എന്റെ ഉള്ളിലേക്കു, ആ നല്ല ശമര്യക്കാരനെന്ന പോലെ യേശു ജീവന്റെ പുതുവീഞ്ഞു പകർന്നുതന്നു.

ന്യായപ്രമാണത്തെ യേശു നീക്കുന്നില്ല, എന്നാൽ, നിവർത്തിക്കുന്നു. എന്റെ ജഡത്തിന്റെ ബലഹീനത നിമിത്തം അനുസരണം അസാധ്യ മായിത്തീർന്ന ന്യായപ്രമാണം എനിക്കു നൽകി യത് മരണഭീതിയാണ്. എന്നാൽ, യേശു നൽകു ന്നത് ആഘോഷത്തിന്റെ ജീവിതമാണ്. ഈ ആഘോഷമാകട്ടെ, യഹൂദന്മാരുടെ ഉത്സവക്കാല ത്തെപ്പോലെയുണ്ടാകുന്ന പുറമെയുള്ള വെച്ചുകെ ട്ടുകളല്ല; പ്രത്യുത അകത്തുനിന്നുയരുന്ന ലഹരി യാണ്. ഇതു നവീകരണമല്ല, രൂപാന്തരീകരണമാ ണ്(it's not reformation, it is tranformation!)

ആമുഖത്തിൽതന്നെ യോഹന്നാൻ ഇതു പറ യുന്നുണ്ട്! "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശു മുഖാന്തരം വന്നു" (യോഹന്നാൻ 1:17)

മോശെ എനിക്കു ന്യായപ്രമാണം തന്നു; യേശു ന്യായപ്രമാണം അനുസരിക്കുവാനുള്ള 'കൃപ' തന്നു. കൃപകൊണ്ടാണു ഞാൻ സത്യത്തി ലേക്കു പ്രവേശിക്കുന്നത്. യേശു കൊണ്ടുവന്ന കൃപ എനിക്കു ആശ്വാസമാണ്. ആശ്രയമാണ്, സമൃദ്ധിയായ ജീവനാണ്, നുരഞ്ഞുപൊങ്ങുന്ന വീഞ്ഞാണ്.

''അവിടെ യെഹൂദന്മാരുടെ ശുദ്ധീക രണനിയമം അനുസരിച്ച് ഒന്നോ രണ്ടോ പറ വീതം കൊള്ളുന്ന ആറു കല്പാത്രം ഉണ്ടായി രുന്നു; യേശു അവരോടു ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്നു പറഞ്ഞു അവർ വക്കോ ളവും നിറച്ചു" (യോഹന്നാൻ 2: 6,7).

മോശെ മിസ്രയീമിലെ ശുശ്രൂഷ തുടങ്ങുന്നതു നൈൽ നദിയിലെ വെള്ളം രക്തമാക്കികൊ ണ്ടാണ്(പുറപ്പാട് 4:9; 7:20). എന്നാൽ യേശു ശുശ്രൂഷ തുടങ്ങുന്നത് കാലു കഴുകുവാനുള്ള

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# വ്യക്തിഗത ആത്മീയത

രണ്ടുതരം ആത്മീയതയാണ് പൊതുവേ നാം കണ്ടുവരുന്നത്. ഒന്ന് സാമൂഹിക ആത്മീയത, രണ്ടാമത് വ്യക്തിഗത ആത്മീയതയും. സഭ കൂടുമ്പോഴുള്ള ഭക്തിയും സ്തുതിയും പാട്ടും സാക്ഷ്യവും പ്രസംഗവും എല്ലാം ഉൾപ്പെട്ടതാണ് സാമൂഹിക ആത്മീയത.

ഈ പറയപ്പെട്ടതെല്ലാം ഏതൊരു സഭയ്ക്കും അത്യാവശ്യവുമാണ്. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും കർത്താവിനെ ആരാധിക്കണം എന്നത് പുതിയനിയമത്തിലെ പ്രമാണമാണ്. എന്നാൽ കൂട്ടത്തിൽ പാടാനും വെള്ളത്തിൽ പൂട്ടാനും ബുദ്ധിമുട്ടില്ല എന്ന പഴഞ്ചൊല്ല് പോലെ, അതു മാത്രം മതിയോ? പൊതുവിലുള്ള ഭക്തി ആഴമുള്ളതാകണമെന്നില്ല. ദൈവം നമ്മെ വ്യക്തിപരമായി കണ്ടു, സ്നേഹിച്ചു, പേർ ചൊല്ലി വിളിച്ചു. സഭയാം സമൂഹത്തിൽ ആക്കി. അപ്പോസ്തലന്മാരുടെ ഉപദേശവും ആത്മീയകൂട്ടായ്മയും ഒന്നിച്ചുള്ള തിരുവത്താഴവും സഭയ്ക്ക് നൽകി. സഭയുടെ ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്ക് ഭൂലോകത്തെ ചലിപ്പിക്കാനുള്ള ശക്തിയുണ്ടെന്നും ആദിമസഭ തെളിയിച്ചിട്ടുണ്ട്. കൂട്ടായ പ്രവർത്തനവും അന്യോന്യമുള്ള സഹകരണവും സഭയുടെ അന്ത:സത്തയും ശക്തിയും വെളിപ്പെടുത്തുന്നു. ഒന്നിച്ച് നിൽക്കുന്ന, ഒന്നിച്ചു പ്രാർത്ഥിക്കുന്ന, ഒന്നിച്ച് പ്രവർത്തിക്കുന്ന സഭ, സാത്താന്യ ശക്തികൾക്ക് ഒരു പേടി സ്വപ്നം തന്നെയാണ്.

**കൂട്ടായ പ്രവർത്തനവും അന്യോന്യമുള്ള സഹകരണവും സഭയുടെ അന്ത:സത്തയും ശക്തിയും വെളിപ്പെടുത്തുന്നു. ഒന്നിച്ച് നിൽക്കുന്ന, ഒന്നിച്ചു പ്രാർത്ഥിക്കുന്ന, ഒന്നിച്ച് പ്രവർത്തിക്കുന്ന സഭ, സാത്താന്യ ശക്തികൾക്ക് ഒരു പേടി സ്വപ്നം തന്നെയാണ്.**

എങ്കിലും വ്യക്തിപരമായ ആത്മീയതയാണ് കർത്താവും, തിരുവചനവും ശക്തമായി ആവശ്യപ്പെടുന്നത്. യേശുകർത്താവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നതാണല്ലോ ക്രിസ്തീയതയുടെ പ്രഥമ പടി. വ്യക്തിപരമായ അറിവും ബോധ്യവും ഇല്ലാതെ എങ്ങനെ യേശുവിനെ സ്വന്തം കർത്താവായി സ്വീകരിക്കും? ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇച്ഛാശക്തിയും നിയന്ത്രണവും മറ്റൊരാൾക്കു സമ്പൂർണ്ണമായി അടിയറ വയ്ക്കലാണല്ലോ രക്ഷിക്കപ്പെടുക എന്ന അനുഭവം. മാത്രമല്ല, അത് ഒരു സ്നേഹബന്ധവും കൂടിയാണ്.

രണ്ടു വ്യക്തികൾ തമ്മിൽ പ്രേമബദ്ധരായി തീരുന്നത് പോലെയാണ് രക്ഷയുടെ അനുഭവം. ക്രിസ്തു എന്ന ഏക പുരുഷന് വിവാഹനിശ്ചയം ചെയ്യപ്പെട്ട മണവാട്ടി ആണ് നമ്മൾ. അതിനെ വ്യക്തിപരമായി

വ്യാഖ്യാനിച്ചാൽ എത്ര പവിത്രവും ശക്തവുമായ ബന്ധമാണ് ക്രിസ്തീയജീവിതം. പ്രേമബന്ധത്തിന്റെ പരമപ്രധാന കാര്യം അത് രഹസ്യസ്വഭാവം ഉള്ളതാണ്. മറ്റാരും കാണാതെയും കേൾക്കാതെയും തികച്ചും രഹസ്യമായിട്ടാണ് വിവാഹ നിശ്ചയം കഴിഞ്ഞവർ തമ്മിൽ സംസാരിക്കുന്നത്. പരസ്യമായി ആരെങ്കിലും, ആരെയെങ്കിലും പ്രേമിക്കുമോ? (സ്നേഹിക്കുമോ). അങ്ങനെ ഉണ്ടെങ്കിൽ അത് സിനിമയിൽ മാത്രമാണ്. അങ്ങനെ ചിന്തിച്ചാൽ വ്യക്തിപരമായി രഹസ്യത്തിൽ ആത്മമണവാളനുമായി ബന്ധമില്ലാത്തവരുടെ സഭാഭക്തി കേവലം സിനിമ മാത്രമാണ് എന്നും മറക്കണ്ട.

സഭാഭക്തി മൂത്ത് മൂത്ത് സംഘടനാ ഭക്തിയായും പിന്നത്തേതിൽ മതഭക്തിയായും ക്രമേണ മതഭ്രാന്തുമായി മാറുന്ന കാഴ്ചയാണ് ലോകത്താകമാനം കൊറോണ പോലെ വ്യാപിച്ചുകൊണ്ടിരിക്കുന്നത്. കൈ കഴുകിയാലും, മാസ്ക് കെട്ടിയാലും, സാമൂഹിക അകലം പാലിച്ചാലും പരിഹരിക്കാവുന്നതല്ല മതഭക്തി ആകുന്ന കപടഭക്തി. മൊബൈൽ ഫോണിൽ കൂടിയും സോഷ്യൽ മീഡിയയിൽ കൂടിയും കപടഭക്തർ അഴിഞ്ഞാടുകയാണല്ലോ. സമുദായത്തിന് വേണ്ടിയും മതത്തിനു വേണ്ടിയും മറ്റൊരാളെ കൊല്ലുന്നത് പോലും ഒരു തെറ്റായി കാണുവാൻ കഴിയാത്ത വിധം അധ:പ്പതിച്ചിരിക്കുകയാണ് ഇന്നത്തെ ഭക്തർ. സ്ഥാനമാനങ്ങൾക്ക് വേണ്ടിയും സ്ഥാപനങ്ങൾക്ക് വേണ്ടിയും കോടികൾ മുടക്കാനും, അക്രമങ്ങൾ ആവിഷ്കരിക്കാനും കപടഭക്തർ റെഡിയാണ്. എന്നാൽ ദൈവവുമായി വ്യക്തിപരമായി യാതൊരു ബന്ധവും ഇക്കൂട്ടർക്ക് ഉണ്ടാകണമെന്നില്ല എന്നതാണ് സത്യം.

ഇപ്രകാരമുള്ള ഒരു സഭയായിരുന്നു ബൈബിളിലെ കൊരിന്ത് സഭ. അവർ കൂടിവരുമ്പോൾ സങ്കീർത്തനം, പ്രബോധനം, വ്യാഖ്യാനം, പ്രവചനം, അന്യഭാഷ, വിവേചനം, ദർശനം എന്നിങ്ങനെ ധാരാളം കൃപാവരങ്ങൾ ഉണ്ടായിരുന്നു. പ്രവാചകന്മാർ പലർ ആയതിനാൽ ക്യൂ നിന്ന് പ്രവചിക്കേണ്ട അവസ്ഥയായിരുന്നു ആ സഭയിൽ. ദർശനക്കാരും ധാരാളമുണ്ടായിരുന്നു. എന്നിട്ടും ജാതികളിൽ പോലും ഇല്ലാത്ത മ്ലേച്ഛത ആ സഭയിൽ ഉള്ള ചില കുടുംബങ്ങളിൽ ഉണ്ടായിരുന്നു. പ്രവാചകന്മാർക്ക് ഒന്നും ഈ കാര്യം വെളിപ്പെടുത്തുവാൻ കഴിഞ്ഞതുമില്ല എന്ന സത്യം വിസ്മരിക്കാവുന്നതല്ല. മാത്രമല്ല

**കൈ കഴുകിയാലും, മാസ്ക് കെട്ടിയാലും, സാമൂഹിക അകലം പാലിച്ചാലും പരിഹരിക്കാവുന്നതല്ല മതഭക്തി ആകുന്ന കപടഭക്തി**

അവരുടെ ഇടയിൽ പിണക്കവും ഭിന്നതയും ഗ്രൂപ്പുകളിയും സാധാരണ സംഭവങ്ങളായിരുന്നു. ചില വിശ്വാസികൾ തമ്മിൽതമ്മിൽ കോടതിവ്യവഹാരവും നടന്നിരുന്നു. ഇങ്ങനെയുള്ള മാതൃകാപരമല്ലാത്ത പ്രവർത്തികൾ ചെയ്യുമ്പോഴും അവർ സ്വയം തിരുത്തുവാൻ പോലും കൂട്ടാക്കാതെ, പാപബോധമോ പശ്ചാത്താപമോ ഇല്ലാതെ കർത്താവിന്റെ മേശയും നടത്തിയിരുന്നു.

ഇവരെ നോക്കിക്കൊണ്ട് പൗലോസ് ചോദിക്കുന്ന ഈ ചോദ്യം നമുക്കും ബാധകമാണ്. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?' (1 കൊരിന്ത്യർ 3 :16) ***ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്നത് സഭാഹാളിൽ അല്ല, പള്ളിയിൽ അല്ല, യാതൊരുകെട്ടിടങ്ങളിലും അല്ല. പിന്നെയോ നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ആണെന്ന തിരിച്ചറിവാണ് വ്യക്തിഗത ആത്മീയതയുടെ താക്കോൽ.*** കൂടിവരവുകളിൽ വന്നു, ആത്മാവിൽ നിറയുന്നതു പോലെ കാണിക്കുകയും, അന്യഭാഷ പറയുകയും, തുള്ളിച്ചാടുകയും, പ്രവചിക്കുകയും ചെയ്യുന്നവർ സഭാഹാൾ വിട്ടാൽ പിന്നെ അഭക്തരായി തീരുന്നത് നിമിത്തം, ആത്മനിറവിനെയും കൃപാവരങ്ങളേയും പോലും ജനങ്ങൾ സംശയിക്കുന്നു. 24 മണിക്കൂറും 365 ദിവസവും നമ്മളോട് കൂടെ വസിക്കുന്ന പരിശുദ്ധാത്മാവിനെ ഓരോ മിനിറ്റിലും തിരിച്ചറിഞ്ഞു ജീവിച്ചാൽ, നമ്മുടെ ആത്മീയ ജീവിതത്തിന്റെ നില തന്നെ മാറും. വഞ്ചിക്കപ്പെടരുത് പ്രിയരേ... സാമൂഹിക ഭക്തികണ്ടു തെറ്റിദ്ധരിക്കരുത്. കർത്താവിനെ വ്യക്തിപരമായി അനുഭവിക്കുവാനും അവനെ സ്നേഹിക്കുവാനും മറക്കല്ലേ... ഓരോരുത്തന്റെ ഹൃദയ വാതിൽക്കൽ നിന്ന്, മുട്ടുന്ന നാഥന്റെ സ്വരം ഓരോ വ്യക്തിയും കേൾക്കുവാൻ ഒരുങ്ങട്ടെ. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ... വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ... ■



ഡോ. സിനി ജോയ്സ് മാത്യു

# നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം

***കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു (1 കൊരിന്ത്യർ 11: 23,24 ).***

ഓരോ തിരുവത്താഴ ശുശ്രുഷയിലും പ്രൗഢശാന്തമായി മുഴങ്ങുന്ന ആ വചനം അതേ ശുശ്രുഷയിൽ അത്ര ഗൗരവത്തോടെയല്ലാതെ ഭാഗഭാക്കാകുന്നവരിൽപ്പോലും ഭക്തിസാന്ദ്രമായ വികാരങ്ങൾ ഉണർത്തുന്നു. ഇതര ക്രൈസ്തവ സമൂഹങ്ങളിൽ മണിമുഴക്കത്തിന്റെയും ധൂപപരിമളങ്ങളുടെയും അകമ്പടിയോടെ, തിളങ്ങുന്ന വർണ്ണവസ്ത്രങ്ങൾ അണിഞ്ഞ പുരോഹിതൻ, ഭവ്യതയോടെ ആചാരപൂർവ്വം അപ്പം എടുത്തുയർത്തുമ്പോൾ, സഭാംഗങ്ങൾ അതീവ ബഹുമാനത്തോടെ മിഴികളടച്ച് ഭക്തിപുരസരം വണങ്ങുന്നതും നാം കാണുന്നു.

ക്രൈസ്തവ സഭകൾ മുടങ്ങാതെ തുടർന്നു വരുന്ന ഈ ശുശ്രുഷ, ലോകരക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളുടെ സ്മരണയായും, നമ്മുടെ വീണ്ടെടുപ്പുകാരൻ ഇതുവരെ മടങ്ങി വന്നിട്ടില്ല എന്നതിന്റെ ഓർമ്മപ്പെടുത്തലായും നിലകൊള്ളുമ്പോൾ, നാം സശ്രദ്ധം പരിശോധിക്കേണ്ട ഒരു കാര്യമുണ്ട്. ചടങ്ങുകളോടും, കേവല ആചാരങ്ങളോടും വിമുഖത പുലർത്തിയിരുന്ന നമ്മുടെ ഗുരുനാഥൻ, ഈ മഹൽ ശുശൂഷ ഒരു ചടങ്ങായി മാത്രം നടത്തപ്പെടേണം എന്നാണോ ഉദ്ദേശിച്ചത്? മറിച്ച് അതിന്റെ അർത്ഥപൂർണ്ണമായ ഒരു അനുസരണം കൂടെ കർത്താവ് നമ്മളോട് ആവശ്യപ്പെടുന്നില്ലേ?

മനുഷ്യകുലത്തിനു നൽകപ്പെട്ട അത്യുന്നതമായ മാതൃകയാണ് ദൈവപുത്രൻ. തുല്ല്യം ചൊല്ലാൻ മറ്റാരുമില്ലാത്ത, ഒരു കളങ്കവും ആരോപിക്കുവാനില്ലാത്ത, സകലത്തിലും അനുകരിക്കുവാൻ ഏറ്റം യോഗ്യനായ, ദൈവത്തിന്റെ ഏകജാതനായവൻ, തിരുക്കരങ്ങളാൽ പെസഹായുടെ രാത്രിയിൽ ഉയർത്തിയ ആ അപ്പം, നമുക്കായി നുറുക്കപ്പെട്ട അവന്റെ ജീവിതത്തെ തന്നെയല്ലേ പ്രതിനിധാനം ചെയ്യുന്നത്? സകലത്തിന്റെയും ഉടമസ്ഥൻ, കാരണക്കാരൻ, പ്രപഞ്ചനാഥന്റെ ഏക പുത്രൻ, സമാനതകളില്ലാത്ത സ്വർഗ്ഗീയമഹിമയുടെയും പ്രതാപങ്ങളുടെയും ഉടയവൻ, സനാതനനായ ദൈവത്തിന്റെ നിത്യപുത്രൻ. പൂർണ്ണ മനസ്സോടെ നമുക്കായി ഉടഞ്ഞു തകർന്നു, സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന സാക്ഷാൽ അപ്പം അവൻ തന്നെ എന്ന് തിരുവചനം വ്യക്തമാകുന്നു.

ഈ ഭൂമിയിലെ ജീവിതത്തിനൊടുവിലായി അവൻ കടന്നുപോയ പീഡാനുഭവങ്ങളുടെ ഇടനാഴിയിൽ മാത്രമല്ല അവൻ നുറുക്കപ്പെട്ടത്... ബെത്‌ലഹേമിലെ വഴിയോരം മുതൽ കാൽവറിയുടെ കൊലക്കളം വരെ, ജീവിതത്തിലുടനീളം അവൻ വിഭജിക്കപ്പെടുകയായിരുന്നു, തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കായി പങ്കു വയ്ക്കുകയായിരുന്നു. സമയവും, ചിന്തകളും, തന്നിൽ നിറഞ്ഞു നിന്ന ദൈവിക ശക്തിയും, ദിവ്യകൃപകളും

... എല്ലാം എല്ലാം. അവയൊന്നും ഒരിക്കലും സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാതെ, ചിലവാക്കാതെ... ഭാവിക്കുവേണ്ടി ഒന്നും തന്നെ കരുതിവയ്ക്കാതെ, അവൻ സ്വയം ശൂന്യനാക്കി; പ്രിയപ്പെട്ടവരെപ്പോലും അവൻ വിഭജിച്ച് നൽകി ... സഹോദരരെ ദൈവവേലക്കായി, അമ്മയെ യോഹന്നാനുവേണ്ടി... ഒന്നും ബാക്കിവെക്കാതെ സ്വന്തജീവനെക്കൂടി നമുക്കായി നൽകി. ഒടുവിൽ 'നിവൃത്തിയായി' എന്ന അവസാന നെടുവീർപ്പ് അവന്റെ നുറുക്കങ്ങളുടെ പൂർത്തീകരണത്തിന്റെ മാറ്റൊലിയായി.

ആ ഗുരുനാഥൻ പറയുന്നു എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ...തിരുവത്താഴ മേശമേൽ അപ്പം വാഴ്ത്തി നുറുക്കപ്പെടുമ്പോൾ, പാനപാത്രം ഉയർത്തപ്പെടുമ്പോൾ, ആ മരണപുനരുത്ഥാനങ്ങളുടെ സ്മരണകൾ ഉണർത്തപ്പെടുകയാണ് എന്ന് സ്പഷ്ടം. എന്നാൽ കേവലം ഒരു കോതമ്പിന്റെ അപ്പം നുറുക്കി ഭക്ഷിച്ചു വെറുതെയങ്ങു മടങ്ങിപ്പോകുവാനല്ല... അവൻ നുറുങ്ങിയതു പോലെ, അവന്റെ ഓർമ്മയ്ക്കായി ഞാനും നുറുങ്ങപ്പെടേണ്ടതുണ്ട് എന്നതാണ് തിരുമേശ നിശബ്ദമായി ഉദ്ഘോഷിക്കുന്ന മഹാസത്യം.

ക്രിസ്തു എനിക്കു വേണ്ടി നുറുക്കപ്പെട്ടു. അതിനാൽ ആത്യന്തികമായി ഞാൻ നുറുക്കപ്പെടേണ്ടത് യജമാനനായ കർത്താവിനു വേണ്ടി തന്നെയാണ്, അവന്റെ രാജ്യത്തിനായിട്ടാണ്, പൂർണ്ണ ഹൃദയത്തോടെ, പൂർണ്ണ ആത്മാവോടെ, പൂർണ്ണ ശക്തിയോടെ, പൂർണ്ണ മനസ്സോടെ എനിക്കവനോടുള്ള സ്നേഹത്തിന്റെ പ്രദർശനമായി.

രണ്ടാമതായി ഞാൻ നുറുക്കപ്പെടേണ്ടത് അയൽക്കാരനു വേണ്ടിയാണ്, കൂട്ടുകാരനു വേണ്ടിയാണ്. ആരാണ് ആ അയൽക്കാരൻ, ആ കൂട്ടുകാരൻ, ആരാണയാൾ? ഞാനുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ആരു തന്നെയുമാകാം അത്. സഭ, ജാതി, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾ അതിനു അതിരുകൾ വെയ്ക്കുന്നില്ല. സ്ഥലമോ ദൂരമോ, അതിനു തടസ്സവുമല്ല. എന്റെ ഒരു 'നുറുക്ക്' ആവശ്യമുള്ള ഏതൊരാളുമാകാം അത്. ഒരുപക്ഷെ മുഖപരിചയം പോലും അതിനൊരു അനിവാര്യതയല്ല. അത് എന്നെയും, എന്റെ കുലത്തെയും വെറുക്കുന്ന ഒരാൾ പോലുമാകാം... ഗുരുനാഥന്റെ സംഭവകഥയിലെ നല്ല ശമരിയാക്കാരനെ ഓർക്കുക. എന്നെക്കൊണ്ട് എന്തെങ്കിലും ഒരാവശ്യമുള്ള ഒരാൾ, അയാളാണ് അയൽക്കാരൻ കൂട്ടുകാരൻ ...സഹോദരൻ, അയാൾക്കുവേണ്ടി ഞാൻ നുറുക്കപ്പെടേണ്ടതായിട്ടുണ്ട്. ഞാൻ നുറുക്കപ്പെടേണം എന്നുപറഞ്ഞാൽ എന്താണ് അത് അർത്ഥമാക്കുന്നത്? എന്റെ ജീവിതം ആണ് നുറുക്കി നൽകേണ്ടത്. ഒന്നാമതായി എന്റെ സമയത്തിൽ കുറേ ഞാൻ അപരനായി പകുത്തു നൽകുവാൻ തയാറാകണം. എനിക്കു മാത്രമായി ഉപയോഗിക്കുവാനുള്ളതല്ല എന്റെ സമയം. അത് അയൽക്കാരന്റെ ആവശ്യങ്ങൾ ചെയ്തുകൊടുക്കുവാൻ വേണ്ടിയുള്ളതു കൂടിയാണ്. അതിനായി എനിക്ക് എന്റെ കുറെയേറെ സ്വകാര്യ സമയങ്ങൾ നഷ്ടമായെന്നിരിക്കും.

എന്റെ സമ്പത്ത് നുറുക്കപ്പെടേണം. എന്റെ, എന്റെ കുടുംബത്തിന്റെ, ആവശ്യങ്ങൾക്കു മാത്രമായി ചിലവാക്കുവാനുള്ളതല്ല ഞാൻ അദ്ധ്വാനിച്ചുണ്ടാക്കുന്ന സമ്പത്ത് എന്ന് ഞാൻ തിരിച്ചറിയണം. അത് വിതയ്ക്കുവാനും, ഔദാര്യമായി കൊടുക്കുവാനും വേണ്ടിക്കൂടെയാണ് നല്കപ്പെട്ടിരിക്കുന്നത്. എനിക്കു പണവും സമ്പത്തും (അത് ഏത് അളവിലാണെങ്കിലും) നല്കപ്പെട്ടിരിക്കുന്നത് അതിൽ കുറെയെങ്കിലും പങ്കിടുവാൻ വേണ്ടിയാണ്. അങ്ങനെയാണ് വചനം പറയുന്നത് (2 കൊരിന്ത്യർ 9:10,11).

എന്റെ കഴിവുകൾ, പദവികൾ, സ്വാധീനം എല്ലാമെല്ലാം അപരനു കൂടി ഉപകരിക്കപ്പെടേണ്ടതായുണ്ട്. വലിയ ഒരു അപകടം പതിയിരിക്കുന്നു എന്ന് അറിഞ്ഞിട്ടും എസ്ഥേർ എന്ന അനാഥ പെൺകുട്ടിയെ യഹൂദ ജനതക്കുവേണ്ടി, പേർഷ്യൻ ചക്രവർത്തിയുടെ മുന്നിലേക്ക് പോകുവാൻ നിർബ്ബന്ധിച്ച അതെ ചോദ്യം എനിക്കു നേരെയും ഉയരുകയാണ്. ഇങ്ങനെയുള്ളോരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്തായിരിക്കുന്നത്...? ആർക്കറിയാം? (എസ്ഥേർ 4 : 14).

എനിക്കുള്ള എല്ലാറ്റിലും ഒരു പങ്ക് സഹോദരനും സാധുവിനും കൂടി അർഹതപ്പെട്ടതാണെന്ന ബോധ്യമാണ് എനിക്കുണ്ടാകേണ്ടത്. എന്റെ ഭവനത്തിലെ ആഹാരവും, എന്റെ വാഹനത്തിലെ ഇടവും, എന്റെ പരിചരണവും അവൻ അർഹിക്കുന്നുണ്ട്. അതു തന്നെയല്ലേ നല്ല ശമരിയാക്കാരന്റെ ഗുണപാഠം. അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒന്നാണ്. നാം ചേർന്ന് രൂപപ്പെടുന്ന അപ്പമാണ് ക്രിസ്തു. അവൻ നമുക്കായി നുറുക്കപ്പെട്ടതു പോലെ, നാമും അനേകർക്കായി നുറുക്കപ്പെടേണം. അതെ, വീണ്ടും നുറുങ്ങപ്പെടേണ്ട അപ്പനുറുക്കുകളാണു നാം. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# നമ്മുടെ ഗുരുവിനെപ്പോലെ ആകുവാൻ...

ഈ അടുത്തയിടെ ഞാൻ കണ്ടുമുട്ടിയ ഒരു പാസ്റ്റർ, പരിശീലനം ലഭിച്ചവരും ലഭിക്കാത്തവരുമായ രണ്ടുതരം ക്രിസ്ത്യാനികൾ ഉണ്ടെന്നു അഭിപ്രായപ്പെടുകയുണ്ടായി. എനിക്ക് അതിനോട് പൂർണ്ണമായി യോജിക്കുവാൻ കഴിയുന്നില്ല. നാം പ്രാപിച്ച രക്ഷയുടെ അനുഭവം സ്വാഭാവികമായി ജീവിതത്തിൽ വന്നുചേർന്ന ഒരനുഭവം എന്നാണ് നമ്മിൽ പലരുടെയും കാഴ്ചപ്പാട്. ഒരർത്ഥത്തിൽ അത് ശരിയും ആണ്. അതേസമയം, ജീവിതത്തിൽ വന്നുചേർന്ന ഈ അനുഭവം ക്രിസ്തുതുല്യരാവുക എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ തുടക്കം മാത്രമാണ്. വീണ്ടുംജനിക്കുക എന്ന് പറയുന്നത് ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് പുറത്തു കടന്ന്, കഷ്ടതയുടെ അനുഭവത്തിലൂടെ സഹനശീലത്തിലേക്കും, അതുവഴി സ്വഭാവഗുണത്തിലേക്കും, തുടർന്ന് പ്രത്യാശയിലേക്കും വളർന്ന്, ലക്ഷ്യത്തിൽ എത്തുവാൻ സഹായിക്കുന്ന ഒരു മാർഗ്ഗത്തിന്റെ തുടക്കമാണ്. ആകയാൽ നമ്മെ വീണ്ടെടുക്കുക എന്നത് മാത്രം ആയിരുന്നില്ല കർത്താവിന്റെ ഉദ്ദേശ്യം, മറിച്ചു നമ്മെ ക്രിസ്തുതുല്യരാക്കുന്നതിനുള്ള പരിശീലനവും കൂടി ഉൾപ്പെടുന്നതായിരുന്നു അത്. ആത്മീക പരിശീലനത്തിന് നാം വില കൊടുക്കേണ്ടതായിട്ടുണ്ട്. ജീവിതത്തിൽ തിരുവചന അടിസ്ഥാനത്തിൽ ഉള്ള തിരഞ്ഞെടുപ്പുകൾ നടത്തി, ആത്മിക വളർച്ചയ്ക്കായി ദൈവസന്നിധിയിൽ സമയം ചിലവഴിക്കുകയും, ദൈവം ക്രമേണയായി വെളിപ്പെടുത്തി തരുന്ന മഹത്വത്തിലേക്കുള്ള പാതയിൽ മുന്നേറുവാൻ നമ്മെത്തന്നെ സമർപ്പിച്ചു അനുസരിക്കുകയും വേണം. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: ഗുരുവിനേക്കാൾ വലിയവനല്ല ശിഷ്യൻ; എന്നാൽ എല്ലാം പഠിച്ചു കഴിയുമ്പോൾ അയാൾ ഗുരുവിനെപ്പോലെ ആയിത്തീരും (ലൂക്കോസ് 6:40), എല്ലാം പഠിക്കുക എന്നതിനെ കവിയുന്ന മറ്റൊരാഗ്രഹവും ജീവിതത്തിലുടനീളം ഉണ്ടായിരിക്കരുത്. നമ്മുടെ കർത്താവും ഗുരുവുമായ യേശുവിനെപ്പോലെ ആയിത്തീരുക എന്നതായിരിക്കണം സമസ്തമേഖലയിലും നമ്മിൽ ജ്വലിക്കുന്ന തീക്ഷ്ണമായ ആഗ്രഹം.

നമ്മെ വഴി നടത്തുവാനും ആശ്വസിപ്പിക്കുവാനും ശക്തീകരിക്കുവാനും, കർത്താവു ഉപദേശിച്ച സകലവും നമ്മെ പഠിപ്പിക്കുവാനും സഹയാത്രിക

**സ്വയം താഴ്ത്തുന്നവർക്കാണല്ലോ ദൈവം കൃപ നൽകുന്നത്. കൃപ ലഭിക്കുന്നതിനനുസരിച്ചുവീണ്ടും വിനയപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അപ്പോൾ വീണ്ടും അധികം കൃപ ലഭിക്കുവാൻ അതിടയാക്കുന്നു.**

നായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മോടൊപ്പം ഉണ്ട്. നമ്മുടെ വ്യക്തിപരമായ പരിശീലകൻ എന്ന നിലയിൽ അംഗീകരിച്ചു, പരിശുദ്ധാത്മാവിനോട് അടുത്ത് വരിക. ഉൾക്കാഴ്ചയ്ക്കും വെളിപ്പാടിനും വിവേകം പകരപ്പെടുന്നതിനും ജീവിതരൂപാന്തരത്തിനുമായി തിരുവെഴുത്തുകൾ തുറന്നു പരിശുദ്ധാത്മാവിനോട് ചോദിക്കുക. ദൈവികസത്യങ്ങളും ആത്മികമർമ്മങ്ങളും വെളിപ്പെടുത്തുമ്പോൾ ഓർമ്മയിൽ സജീവമായിരിക്കേണ്ടതിനു, കുറിച്ച് വയ്ക്കുവാൻ ഒരു ബുക്കും പേനയും എപ്പോഴും കൈവശം സൂക്ഷിക്കുക. ദൈവത്തോട് നിങ്ങളെ രക്ഷിക്കുവാൻ പ്രാർഥിക്കുന്നതോടൊപ്പം തന്നെ നിങ്ങൾക്ക് പരിശീലനവും ഉൾക്കാഴ്ചയും വകതിരിവും നൽകേണ്ടതിനും പ്രാർത്ഥിക്കുക.

ഓരോ ദൈവപൈതലിനെയും അവന്റെ ജീവിത അനുഭവങ്ങളിലൂടെ അവനറിയാതെ തന്നെ, അവനായി ഒരുക്കിയ ദൈവീകപദ്ധതികളിലൂടെ ഒരു ആത്മീക ജീവിതക്രമത്തിലേക്കു ദൈവം നയിക്കുന്നു. അതേസമയം ഒരു ആത്മിക മനുഷ്യൻ തന്റെ ജീവിതത്തിൽ സംഭവിക്കുന്നത് എന്തുകൊണ്ട് ആണെന്ന് വിവേചിച്ചറിയുന്നു. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവിനാൽ അവൻ നയിക്കപ്പെടുന്നു. അപ്പോൾ ത്തന്നെ അവന്റെ എല്ലാ വ്യവഹാര മണ്ഡലങ്ങളിലും പ്രയോജനപ്രദമായി ഇടപെടുവാനും അവനു കഴിയുന്നു. ചില ദൈവമക്കളുടെ ആത്മികജീവിതത്തിന്റെ കാലയളവ് നോക്കിയാൽ, ഇതിനോടകം മറ്റുള്ളവരെ വചനം പഠിപ്പിക്കുന്ന അധ്യാപകരായി അവർ വളരേണ്ടതായിരുന്നു. എന്നാൽദൈവവചനത്തിലെ ബാലപാഠങ്ങൾ അവരെ ആരെങ്കിലും വീണ്ടും പഠിപ്പിക്കേണ്ട നിലവാരത്തിൽ ഇന്നും അവർ കാണപ്പെടുന്നു. അവർക്കുവേണ്ടത് ലളിതസത്യങ്ങളായ പാലാണ്, അല്ലാതെ കട്ടിയുള്ള ആഹാരമായ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തിയുടെ സത്യങ്ങൾ അല്ല. കാരണം അത് ആസ്വദിക്കുവാൻ ഇനിയും അവർ പ്രാപ്തരായിട്ടില്ല. അവർ ഇപ്പോഴും നീതിയുടെ വചനത്തിൽ പരിചയം ഇല്ലാത്തവരാണ്. നന്മതിന്മകൾ വിവേചിച്ചറിയുവാൻ പരിജ്ഞാനപൂർത്തി പ്രാപിക്കേണ്ടത് അനിവാര്യമാണ് (എബ്രായർ 5: 12 -14). സ്വജീവിത അനുഭവങ്ങളിലൂടെ, തഴക്കപഴക്കങ്ങളാൽ അഭ്യസനം ലഭിച്ച അനുഭവ സമ്പന്നർക്കുള്ളതാണ് ആഴമേറിയ വചന സത്യങ്ങളാകുന്ന കട്ടിയുള്ള ആഹാരം. 'പക്വത','തഴക്കത്താലുള്ള അഭ്യസനം','വിവേചനം ' എന്നീ മൂന്നു പ്രയോഗങ്ങൾ ഈ രഹസ്യങ്ങൾ നമുക്ക് തുറന്നു നൽകുന്ന താക്കോൽ വാക്കുകളാണ്. ഇക്കാര്യം വളരെ ഗൗരവമായി നാം ഹൃദയത്തിൽ കുറിക്കൊള്ളേണ്ടതാണ്.

**പക്വതയാർന്ന ശുശ്രൂഷകരോടൊപ്പം ഉള്ള പരിശീലനം.**

പരിശുദ്ധാത്മാവ് നമ്മുടെ വ്യക്തിജീവിതത്തിൽ നൽകുന്ന പരിശീലനത്തോടൊപ്പം തന്നെ, നമ്മെ സജ്ജരാക്കുവാൻ തക്കവണ്ണം മറ്റു ഉപാധികളും ശുശ്രൂഷകളും നമുക്കായി തുറന്നു നൽകുന്നു. ദൈവത്തിൽ ആശ്രയിക്കുന്നതോടൊപ്പം പരസ്പരം ആശ്രയിച്ചും സഹകരിച്ചും ശുശ്രൂഷിക്കുവാനാണു ദൈവം ആഗ്രഹിക്കുന്നത്. എന്റെ അനുഭവത്തിൽ ഞാൻ മനസിലാക്കിയ ഒരു കാര്യം, ചില സത്യങ്ങൾ ദൈവം എന്നെ നേരിട്ട് ഗ്രഹിപ്പിക്കുന്നില്ല, പ്രത്യുത മറ്റുള്ളവരുമായി ഇടപഴകുന്നതിലൂടെ അവ ഞാൻ ഗ്രഹിക്കേണം എന്നുള്ളതാണ് ദൈവഹിതം. കൊർന്നല്യോസിനു പ്രത്യക്ഷപ്പെട്ട ദൈവദൂതൻ നേരിട്ട് അവനോടു കാര്യങ്ങൾ പറയുന്നതിന് പകരം, പത്രോസിനെ വരുത്തി അവനിലൂടെ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സത്യങ്ങൾ കേൾക്കണം എന്ന് നിർദ്ദേശിച്ചതു ഇതിനേറ്റവും നല്ല ഉദാഹരണമാണ്. എന്തുകൊണ്ടായിരിക്കണം ദൂതൻ കൊർന്നല്യോസിനോട് നേരിട്ട് സംസാരിക്കാതിരുന്നത്? അത്, ക്രിസ്തുശിഷ്യനായ മറ്റൊരാളിൽ നിന്ന് അവൻ കേൾക്കേണം എന്നുള്ളത് പ്രധാനപ്പെട്ട ഒരു വിഷയം ആയിരുന്നതിനാലാണ്. ആത്മികപാതയിൽ നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ ദൈവം ഉപയോഗിക്കുന്ന 'മാർഗ്ഗദർശിയെ' (mentor ) സന്തോഷത്തോടെ അംഗീകരിച്ചു അനുസരിക്കുവാൻ നമ്മിൽ വിനയം അത്യന്താപേക്ഷിതമാണ്. സ്വയം താഴ്ത്തുന്നവർക്കാണല്ലോ ദൈവം കൃപ നൽകുന്നത്. കൃപ ലഭിക്കുന്നതിനനുസരിച്ചു വീണ്ടും വിനയപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അപ്പോൾ വീണ്ടും അധികം കൃപ ലഭിക്കുവാൻ അതിടയാക്കുന്നു.

മാർഗ്ഗദർശിയുടെ (mentor ) ആലോചന അന്ധമായി സ്വീകരിക്കണം എന്നല്ല ദൈവം ആഗ്രഹിക്കുന്നത് എന്ന് പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്. മറിച്ചു അദ്ദേഹത്തിന്റെ ഹൃദയത്തിൽ വെളിപ്പെടുത്തപ്പെട്ട ഇടയശ്രേഷ്ഠനായ

ക്രിസ്തുവിനെ നാം കാണുകയും, ക്രിസ്തുവിന്റെ ശബ്ദത്തിനായി കാതോർക്കുകയും വേണം എന്നാണ് ദൈവം ഓർമ്മിപ്പിക്കുന്നത്. സ്വജീവിതത്തിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്തി കൊടുക്കുവാൻ പക്വതയാർന്ന ഒരാളായിരിക്കണം മാർഗ്ഗദർശി. അവരോടൊത്തുള്ള പരിശീലനത്തിനും ശുശ്രൂഷകൾക്കും നമ്മെ വിധേയപ്പെടുത്തുന്നതിൽ നാം ഭയപ്പെടേണ്ടതില്ല. ഇവിടെ ക്രിസ്തു ആണ് നമ്മുടെ കേന്ദ്രബിന്ദു.

കർത്താവിന്റെ പ്രബോധനം ഹൃദയത്തിൽ സംഗ്രഹിക്കുക: പ്രവാചകൻ എന്ന് വച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും. നീതിമാൻ എന്ന് വച്ച് നീതിമാനെ കൈക്കൊള്ളുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും (മത്തായി 10:41). പ്രവാചകനെയോ നീതിമാനെയോ കൈക്കൊള്ളുന്നവനും നീതിമാന്റെയും പ്രവാചകന്റെയും പ്രതിഫലം ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്. അങ്ങനെയുള്ളവരുടെ 'ആത്മിക അധികാരത്തെ' (spirutual authority) അംഗീകരിക്കുമ്പോൾ ആ വ്യക്തിയുടെ മേലുള്ള ദൈവിക വിളിയെ ആണ് നാം അംഗീകരിക്കുന്നത്. അതായത് നമ്മുടെ ചില ആത്മിക ആവശ്യങ്ങൾ നിറവേറ്റിത്തരുവാനുള്ള ആത്മിക അധികാരം അദ്ദേഹത്തിലുണ്ടെന്നു നാം വിവേചിക്കുന്നു എന്നർത്ഥം. പരിശീലനം നേടുന്നവരോടുള്ള പരിശീലകന്റെ മനോഭാവം പൗലോസ് അപ്പോസ്തലൻ ഭംഗിയായി വിശദീകരിക്കുന്നത്: 'നിങ്ങളോടുള്ള വാത്സല്യം നിമിത്തം ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളെത്തന്നെ നിങ്ങൾക്കു തരുവാൻ ഞങ്ങൾ ഒരുക്കമായിരുന്നു; അത്രമാത്രം നിങ്ങൾ ഞങ്ങൾക്ക് പ്രിയപ്പെട്ടവരായിത്തീർന്നു' (1 തെസ്സലോനിക്യർ 2:8).

താൽക്കാലികമായി ദൈവം ഉപയോഗിക്കുന്ന പരിശീലകൻ ഒരു കാരണവശാലും ക്രിസ്തുവിന്റെ സ്ഥാനം (കർതൃത്വം) എടുക്കുവാൻ പാടില്ല, അതേസമയം ക്രിസ്തുവിന്റെ സ്ഥാനത്തു പരിശീലകനെ പരിശീലനം നേടുന്ന വ്യക്തി നിശ്ചയമായും കാണുവാനും പാടില്ല എന്നർത്ഥം.


ചില പ്രത്യേക തലങ്ങളിൽ നിങ്ങളെ സജ്ജരാക്കുവാൻ ദൈവം താൽക്കാലികമായി അദ്ദേഹത്തെ ഉപയോഗിക്കുന്നു എന്നേയുള്ളൂ. നിങ്ങളെ നടത്തുന്നവരെ കർത്താവിനെ എന്നപോലെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. ●

## സുവിശേഷ വേല സ്വന്തഭവനത്തിൽ

ഒരു യുവതി രക്ഷയുടെ മാധുര്യം അറിഞ്ഞപ്പോൾ ദൂരദേശങ്ങളിലുള്ളവരോടും അത് പങ്കുവയ്ക്കുവാനുള്ള തീക്ഷ്ണത അവളിൽ ജ്വലിച്ചു. അതിനായി താൻ എവിടേക്കാണ് പോകേണ്ടതെന്നു അവൾ തന്റെ മെന്ററായ പാസ്റ്ററോട് ചോദിച്ചു. നിന്റെ സാന്നിധ്യവും ശുശ്രൂഷയും ഏറ്റവും അത്യാവശ്യമായിരിക്കുന്നത് നിന്റെ പിതാവിനാണ്, എന്ന് അദ്ദേഹം നിർദ്ദേശിച്ചു. വിദൂരദേശങ്ങളിലുള്ളവർക്കു സുവിശേഷം നൽകുവാൻ ഉള്ള വ്യഗ്രതയിൽ, തന്റെ ഏറ്റവും അടുത്തയാളിനെ അവഗണിക്കുകയാണ് ചെയ്തതെന്ന് അവൾ മനസിലാക്കി. അങ്ങനെ ഉപേക്ഷ വിചാരിച്ചതിൽ കുറ്റബോധവും അവൾക്കുണ്ടായി. അതിനാൽ പാസ്റ്ററുടെ നിർദ്ദേശം അനുസരിക്കുവാൻ തന്നെ അവൾ തീരുമാനിച്ചു. തുടർന്നു അവൾ തന്റെ പിതാവിനെ കൃത്യമായി സന്ദർശിക്കുകയും തന്റെ സാന്നിധ്യത്തിലൂടെ സ്നേഹത്തിന്റെ പെരുമഴ പിതാവിന്റെ മേൽ ചൊരിയുകയും, അതേസമയം രക്ഷയുടെ സുവിശേഷം അദ്ദേഹത്തോട് പങ്കു വയ്ക്കുകയും, അങ്ങനെ പിതാവിനെ രക്ഷയുടെ സന്തോഷത്തിലേക്കു ക്രമേണ അവൾ നയിക്കുകയും ചെയ്തു.

യേശുകർത്താവ് ഗദരദേശത്തെ ഭൂതഗ്രസ്തനിൽ നിന്ന് ഭൂതത്തെ പുറത്താക്കിയ ശേഷം, നിന്റെ വീട്ടിൽ, നിനക്കുള്ളവരുടെ അടുക്കൽ ചെന്ന്, കർത്താവ് നിനക്ക് ചെയ്തതൊക്കെയും നിന്നോട് കരുണ കാണിച്ചതും പ്രസ്താവിക്ക എന്ന് പറഞ്ഞു അവനെ സ്വന്തഭവനത്തിലേക്ക് മടക്കി അയക്കുന്നതായി കാണുന്നു. വീട്ടിൽ മാത്രമല്ല, സന്തോഷത്തോടെ എല്ലാവരും ആശ്ചര്യപ്പെടുമാറ് നാട്ടിൽ മുഴുവൻ അവൻ വസ്തുത ഘോഷിച്ചു. ഇത് അനുകരണീയമായ ഒരു നിർദ്ദേശവും മാതൃകയും തന്നെയാണ്. ●





സുജിത് സൈമൺ

# മദ്യപാനം യുവതലമുറയെ വഴി തെറ്റിക്കുന്നു

മദ്യപാനം എന്ന മഹാവിപത്തു ഇന്നോ ഇന്നലയോ തുടങ്ങിയതല്ല. സഹസ്രാബ്ദങ്ങൾക്കു മുമ്പ് യെശയ്യാ പ്രവാചകൻ പറഞ്ഞു: 'അതികാലത്തെഴുന്നേറ്റ് മദ്യം തേടി ഓടുകയും വീഞ്ഞു കുടിച്ച് മത്തരായി സന്ധ്യാസമയത്തു വൈകി ഇരിക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം! അവരുടെ വിരുന്നുകളിൽ കിന്നരവും വീണയും തപ്പും കുഴലും മദ്യവും ഉണ്ട്. എന്നാൽ യഹോവയുടെ പ്രവൃത്തിയെ അവർ നോക്കുന്നില്ല' (യെശയ്യാ 5:11,12). 'വീഞ്ഞ് ചുവന്ന് പാത്രത്തിൽ തിളങ്ങുന്നതും രസകരമായി ഇറക്കുന്നതും നീ നോക്കരുത് (സദൃശ്യം 23:31). 'വീഞ്ഞ് പരിഹാസിയും മദ്യം കലഹക്കാരനുമാകുന്നു'(സദൃശ്യം 20:1) എന്ന നിലയിൽ ബൈബിൾ അതിനെ വിലക്കിയിരിക്കുന്നു. ജ്ഞാനിയായ ശലോമോൻ പറയുന്നു: 'ആർക്കു കഷ്ടം, ആർക്കു കലഹം, ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ..? വീഞ്ഞ് കുടിച്ചു കൊണ്ട് നേരം വൈകിക്കുന്നവർക്കും മദ്യം രുചിച്ചു നോക്കുവാൻ പോകുന്നവർക്കും തന്നെ'. അതിന്റെ മഹാ വിപത്തിനെക്കുറിച്ച് സംക്ഷിപ്തമായി താൻ പറയുന്നു, 'ഒടുക്കം അത് (മദ്യം) സർപ്പം പോലെ കടിക്കും, അണലിപോലെ കൊത്തും' (സദൃശ്യം 23:29,32). ഇപ്രകാരം ബൈബിളിൽ ഉടനീളം മദ്യപാനം മനുഷ്യജീവിതത്തിന് കേടുവരുത്തുന്ന ഒന്നാണെന്നു വളരെ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. അന്ന് മാത്രമല്ല ഇന്നും ഈ വിപത്ത് വളരെ നാശം വിതച്ചുകൊണ്ടിരിക്കുകയാണ്.

**മക്കൾ മദ്യപിച്ചു വന്നാൽ എങ്ങനെ ആണ് അവരെ കൈകാര്യം ചെയ്യേണ്ടത്?**

കേരളത്തിലെ കുട്ടികൾക്കിടയിലും മദ്യപാനം കൂടി വരികയാണ്...? നിങ്ങളുടെ മകനോ മകളോ ഒരു ദിവസം മദ്യപിച്ചു വന്നാൽ എങ്ങനെ ആണ് അവരെ കൈകാര്യം ചെയ്യേണ്ടത്? ഒരു ഉദാഹരണം നോക്കാം. സ്കൂളിൽ യുവജനോത്സവം നടക്കുന്നതിനാൽ തിരികെ വരുവാൻ വൈകുമെന്നാണ് എട്ടാം ക്ലാസ്സുകാരനായ മകൻ പറഞ്ഞിരിക്കുന്നത്. എന്നാൽ വൈകിട്ട് ഏഴു മണി കഴിഞ്ഞിട്ടും മകനെ കാണാതായപ്പോൾ അമ്മയ്ക്ക് ആധിയായി. മകന്റെ ഏറ്റവും അടുത്ത കൂട്ടുകാരന്റെ വീട്ടിലേക്ക് ഫോണിൽ വിളിച്ചപ്പോൾ അവനും വീട്ടിൽ എത്തിയിട്ടില്ല. മറ്റു പല കൂട്ടുകാരുടെയും വീടുകളിലേക്ക് വിളിച്ച് നോക്കിയപ്പോൾ അവരൊക്കെ ആറു മണിക്ക് മുമ്പ് തന്നെ വീട്ടിൽ എത്തിയിട്ടുണ്ട്. സ്കൂളിലെ കലാപരിപാടികൾ ഒക്കെ അഞ്ചു മണിക്ക് തന്നെ തീർന്നു എന്ന് അവർ പറഞ്ഞു. പരിഭ്രാന്തരായ അച്ഛനും അമ്മയും മകനെ തിരക്കി സ്കൂളിൽ എത്തി. ക്ലാസ്സ് മുറിയിലും സ്കൂളിന്റെ പരിസരത്തും ഗ്രൗണ്ടിലുമെല്ലാം അവർ മകനെ അന്വേഷിച്ചു. ഒടുവിൽ ഒൻപതു മണിയോടെ സ്കൂൾ ഗ്രൗണ്ടിന്റെ ഏറ്റവും പിറകിലുള്ള മതിലിനടുത്ത് മകനും അവന്റെ സുഹൃത്തും ബോധരഹിതരായി കിടക്കുന്നത് കണ്ട് അവർ ഞെട്ടി. പൊട്ടിയ മദ്യക്കുപ്പിയും സിഗരറ്റ് പാക്കറ്റും പരിസരത്തുണ്ടായിരുന്നു. സ്വന്തം മകന്റെ ശരീര

ത്തിൽ നിന്ന് മദ്യത്തിന്റെ രൂക്ഷഗന്ധം വമിക്കുന്നത് മനസിലാക്കിയ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. പിറ്റേന്ന് ബോധം തെളിഞ്ഞ ശേഷം ചോദ്യം ചെയ്ത മാതാപിതാക്കൾക്കു മുന്നിൽ കൂസലില്ലാതെ നിന്ന്, ആ മകൻ പറഞ്ഞു. 'ഞങ്ങളുടെ സ്കൂളിലെ പല ചേട്ടമാരും കുടിക്കാറുണ്ട്. അവരുടെ ഒന്നും വീട്ടിൽ അതു പ്രശ്നമാകുന്നില്ലല്ലോ. ***അല്ലെങ്കിൽ തന്നെ, അച്ഛൻ എന്നും വീട്ടിൽ കുടിച്ചിട്ട് അല്ലെ വരുന്നത്? അച്ഛൻ ചെയ്യുന്ന കാര്യമല്ലേ ഞാനും ചെയ്തുള്ളു'*** പതിമുന്നുകാരനായ മകന്റെ ചോദ്യത്തിന് മുന്നിൽ ഉത്തരം മുട്ടിപ്പോയി അവന്റെ അച്ഛന്.

കുട്ടികൾക്കിടയിലെ മദ്യപാനവും, മറ്റു ലഹരിവസ്തുക്കളുടെ ഉപയോഗവും കൂടിവരുന്നതായി സമീപകാല അനുഭവങ്ങൾ വ്യക്തമാക്കുന്നു. ശരാശരി പന്ത്രണ്ടു വയസ്സിൽ തന്നെ കുട്ടികളിൽ മദ്യപാനശീലം ആരംഭിക്കുന്നതായി ചില പഠനങ്ങൾ പറയുന്നു. കേരളത്തിലെ ചില ഹയർ സെക്കണ്ടറി സ്കൂളിലെ ആൺകുട്ടികളിൽ നടത്തിയ ഒരു സർവ്വേയിൽ നിന്ന് വ്യക്തമായത്, കുട്ടികളിൽ 50 ശതമാനത്തിലേറെ പേർ മദ്യം ഒരിക്കൽ എങ്കിലും ഉപയോഗിച്ചിട്ടുണ്ടെന്നാണ്. അഞ്ച് ശതമാനത്തോളം കുട്ടികൾ ഇടക്കിടെ മദ്യം ഉപയോഗിക്കുകയും അതു കാരണമുള്ള ശാരീരിക മാനസിക പ്രശ്നങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന പ്രശ്നക്കാരായ മദ്യപന്മാരാണ് (Problem drinkers). ഈ പ്രശ്നക്കാരായ മദ്യപന്മാരിൽ ബഹുഭൂരിപക്ഷവും 13 വയസ്സിന് മുൻപേ തന്നെ മദ്യം രുചിച്ചു നോക്കിയവരാണ്. ചെറുപ്രായത്തിൽ തന്നെ മദ്യം ഉപയോഗിച്ച് തുടങ്ങുന്നവർ, മറ്റുള്ളവരെ അപേക്ഷിച്ച് മദ്യത്തിന് അടിമകളാവാനുള്ള സാധ്യത നാലിരട്ടിയാണെന്ന് ഗവേഷണഫലങ്ങൾ സൂചിപ്പിക്കുന്നു.

**കുട്ടികൾ എന്തുകൊണ്ട് മദ്യപിക്കുന്നു?**

മദ്യാസക്തി ജനിതക കാരണങ്ങൾ കൊണ്ടും പാരമ്പര്യമായി പകർന്നു കിട്ടാവുന്ന ഒരു രോഗം ആണെന്നു സമീപകാലത്ത് നടന്ന നിരവധി ഗവേഷണങ്ങൾ വ്യക്തമാക്കുന്നുണ്ട്. മദ്യപന്മാരുടെ മക്കൾ, അച്ഛനമ്മമാരോടൊപ്പം താമസിക്കുന്നില്ലങ്കിൽ പോലും, ജനിതക കാരണങ്ങളാൽ ചെറിയ പ്രായത്തിൽ മദ്യം ഉപയോഗിക്കാനുള്ള സാധ്യത കൂടുതൽ ആണ്. ഇത് മാതാപിതാക്കൾ വളരെ ഗൗരവമായി കാണേണ്ടുന്ന ഒരു വസ്തുതയാണ്. എന്നാൽ, മുതിർന്നവർ മദ്യം ഉപയോഗിക്കുന്നത് കണ്ടു വളരുന്ന കുട്ടികൾ, ഈ ശീലം അനുകരിക്കാനുള്ള സാധ്യത വളരെ ഏറെ പ്രാധാന്യം ഉള്ള കാര്യമാണ്. മദ്യ ഉപയോഗം സ്വാഭാവിക ജീവിതത്തിന്റെ ഭാഗമാണെന്ന് ധരിക്കുന്ന കുട്ടികൾ, മുതിർന്നവരെ അനുകരിച്ച് മദ്യോപയോഗം തുടങ്ങുന്നു. പൊതു സമൂഹത്തിൽ മദ്യത്തോടുള്ള, മുതിർന്നവരുടെ മനോഭാവം മാറി വരുന്നത് കുട്ടികൾക്ക് പ്രേരണയാകുന്നുണ്ട്. വിവാഹ വീടുകളിലും മറ്റും മദ്യം വിളമ്പുന്നത് അതിൽ സംബന്ധിക്കുന്ന കുട്ടികളെ ദോഷമായി സ്വാധീനിക്കുന്നു എന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. അല്ലാത്തപക്ഷം ഏറ്റവും ദോഷകരമായ ചിന്തയുടെ വിത്തുകളാണ് കുഞ്ഞു മനസ്സുകളിൽ മുതിർന്നവർ വിതയ്ക്കുന്നത്.

മദ്യം ആരോഗ്യത്തെ നശിപ്പിക്കുന്ന പദാർത്ഥം എന്ന നിലയിൽ നിന്ന്, നിർദോഷമായ ഒരു വിനോദമാർഗമെന്ന നിലയിലേക്ക് സമൂഹത്തിന്റെ കാഴ്ചപ്പാട് മാറിയിരിക്കുന്നു. സിനിമകളും മറ്റ് മാധ്യമങ്ങളും മദ്യത്തെ പുരുഷലക്ഷണമായി ചിത്രീകരിക്കുമ്പോൾ കുട്ടികൾ വേഗം അതിലേക്കു ആകർഷിക്കപ്പെടുകയാണ്. പരീക്ഷണസ്വഭാവം കൂടുതലായി കണ്ടു വരുന്ന കൗമാര പ്രായത്തിൽ, ശ്രദ്ധക്കുറവും അമിത വികൃതിയും കൂടുതലായുള്ള ഹൈപ്പർ കൈനെറ്റിക് ഡിസോർഡർ (Hyper Kinetic Disorder), കുറ്റവാസനകൾ പ്രകടിപ്പിക്കുന്ന കണ്ടക്റ്റ് ഡിസോർഡർ (Conduct Disorder) എന്നീ മാനസിക രോഗാവസ്ഥയുള്ള കുട്ടികളിൽ, മദ്യം ഉപയോഗിക്കാനുള്ള പ്രവണത ചെറുപ്രായത്തിൽ തന്നെ പ്രകടമായിരിക്കും. സമപ്രായക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങി, പറ്റില്ല എന്ന് പറഞ്ഞു ഒഴിഞ്ഞു മാറാൻ കഴിവില്ലാത്ത കുട്ടികൾ മദ്യപാനം ആരംഭിക്കുന്നു. വീട്ടിൽ നിന്ന് വേണ്ടത്ര സ്നേഹവും വൈകാരിക സുരക്ഷിതത്വവും പരിഗണനയും കിട്ടാതെ, മാതാപിതാക്കൾ തമ്മിലുള്ള നിരന്തരമായ വഴക്ക്, അവരുടെ സ്വഭാവദുഷ്യങ്ങൾ, കുട്ടികളോട് കൂടെ വേണ്ടത്ര സമയം ചിലവഴിക്കാൻ കഴിയാതെപോകുന്നത്, എന്നിവയൊക്കെ കുട്ടികളിലെ മദ്യപാനത്തിന് കാരണമാകാം.

**മദ്യപാനം കുട്ടികളെ എങ്ങനെ ബാധിക്കുന്നു?**

മുതിർന്നവരെ അപേക്ഷിച്ചു, മദ്യപാനത്തിന്റെ തോത് നിയന്ത്രിക്കാനുള്ള കഴിവ് കുട്ടികൾക്ക് കുറവായിരിക്കുന്നത് കൊണ്ടുതന്നെ, അളവിൽ കൂടുതൽ മദ്യം കഴിച്ച്, ക്രമേണ തലച്ചോറിലെ ഓർമശക്തിയെ നിയന്ത്രിക്കുന്ന പ്രധാന

ഭാഗങ്ങളിലൊന്നായ ഹിപ്പോകാമ്പസിന്റെ (Hippocampus) പ്രവർത്തനത്തെ ബാധിക്കും. ഇതുമൂലം ശ്രദ്ധക്കുറവ്, പഠനപ്രശ്നങ്ങൾ, ഓർമക്കുറവ്, അമിതദേഷ്യം, അക്രമസ്വഭാവം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത ഏറെ ആണ്. മദ്യം കഴിക്കുമ്പോൾ ചില ആഹ്ലാദ അനുഭവങ്ങൾ ഉണ്ടാകുന്നത്, തലച്ചോറിലെ ചില മേഖലയിൽ 'ഡോപമിൻ' (Dopamine) എന്ന രാസപദാർത്ഥത്തിന്റെ അളവ് വർധിക്കുന്നത് കൊണ്ടാണ്. എന്നാൽ മദ്യം കിട്ടാത്ത ദിവസങ്ങളിൽ ഡോപമിന്റെ അളവ് കുറഞ്ഞു നിൽക്കുന്നത് ഇവരിൽ ഉത്കണ്ഠയും അസ്വസ്തതയും ഉണ്ടാക്കും. ഇതിനെ മറികടക്കാനായി വീണ്ടും മദ്യത്തെ അഭയം പ്രാപിക്കുന്ന ഇവർ ക്രമേണ മദ്യത്തിന് അടിമകളായി പിന്നിട് വിഭ്രാന്തി രോഗങ്ങൾക്കും, (Psychosis) സംശയരോഗങ്ങൾക്കും (Delusional Disorder) ഇരയാകുന്നു.

**ഈ വിപത്തിനെതിരെ എങ്ങനെ മുൻകരുതൽ എടുക്കാം?**

എന്റെ മകൻ ഒരിക്കലും തെറ്റ് ചെയ്യുകയില്ല എന്ന മുൻവിധി ഒരു രക്ഷിതാവും വെച്ചുപുലർത്താൻ പാടില്ല. എന്നാൽ തെറ്റ് ചെയ്ത കുട്ടിയെ കഠിനമായി ശിക്ഷിച്ചും അവഹേളിച്ചും മാനസികമായി തളർത്തുന്നതും നന്നല്ല. കുട്ടികൾക്കു അനുവദിക്കാവുന്ന സ്വാതന്ത്ര്യത്തിന് ആരോഗ്യപരമായ ഒരു പരിധി ആവശ്യമാണ്. മകൻ മദ്യപിച്ചുവെന്ന് മനസിലാക്കിയ രക്ഷിതാവ്, കുട്ടിയോട് അതെക്കുറിച്ച് തുറന്ന് സംസാരിക്കുവാൻ തയ്യാറാവണം. കുട്ടിയെ ഈ സാഹചര്യങ്ങളിലേക്കു നയിച്ച കാര്യങ്ങൾ മനസിലാക്കി അവ പരിഹരിക്കാനാണ് ശ്രമിക്കേണ്ടത്. അനാരോഗ്യകരമായ സൗഹൃദങ്ങളിൽ നിന്ന് വിട്ടുനിൽക്കുവാനും, ഉറ്റസുഹൃത്തുക്കൾ ആണെങ്കിൽ പോലും മദ്യപാനത്തിന് ക്ഷണിക്കുന്നവരോട് 'എനിക്ക് താല്പര്യമില്ല' എന്ന് തീർത്തു പറയാനുമുള്ള കഴിവ് കുട്ടികൾക്കുണ്ടാവണം. ഒരിക്കൽ മദ്യപിച്ചു പോയ മകൻ ഒരു 'മഹാ അപരാധം' ചെയ്തു എന്ന മട്ടിൽ അവനെ തേജോവധം ചെയ്യാതെ, അവന്റെ പ്രവൃത്തി സ്വന്തമാതാപിതാക്കളെ വളരെ ഏറെ വിഷമിപ്പിച്ചു എന്ന്, വാക്കുകളിലുടെയും പ്രവൃത്തിയിലൂടെയും അവനെ ബോധ്യപ്പെടുത്തണം. പരിഹാരമില്ലാത്ത പ്രശ്നമില്ലെന്നും പക്ഷെ, പ്രശ്നപരിഹാരത്തിന്ന് അവൻ തന്നെ ആത്മാർഥമായി ശ്രമിക്കണമെന്നും മകനെ ബോധ്യപ്പെടുത്താം. രക്ഷിതാക്കൾ കുട്ടികളുടെ നല്ല സുഹൃത്തുക്കൾ ആവുന്നത് വഴി ഏതു സംഭവങ്ങളെക്കുറിച്ചും തുറന്ന് സംസാരിക്കാൻ കുട്ടികൾക്ക് സാധിക്കും. ഈ സമയത്ത് കുറ്റപ്പെടുത്തലോ ശാസനയോ ഒഴിവാക്കി അവന്റെ പ്രായത്തെ ഉൾക്കൊണ്ട് സ്നേഹത്തോടെ രക്ഷിതാക്കൾ ഇടപെട്ടാൽ ജീവിതത്തിലെ ഏതു പ്രതിസന്ധികളെയും അതിജീവിക്കാനും നല്ല ലക്ഷ്യത്തിൽ എത്തിച്ചേരുവാനും കുട്ടികൾക്ക് സാധിക്കും. സ്വയം പരിഹരിക്കുവാൻ കഴിയാതെ വന്നാൽ മാതാപിതാക്കൾ ഒട്ടും വിമുഖത കാണിക്കാതെ ഒരു നല്ല കൗൺസലറുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ●

## ലഹരി ഉപയോഗം സ്വാധീനിക്കാത്തവർ

മൂല്യബോധമുള്ള എതൊരു വ്യക്തിയും മദ്യപാനത്തിന്റെ വിനാശകരമായ ഭവിഷ്യത്തുകളെ ന്യായീകരിക്കുവാൻ ശ്രമിക്കുകയില്ല. നല്ലമനസാക്ഷിയുള്ള രക്ഷിതാക്കൾക്ക് തങ്ങളുടെ തെറ്റായ മാതൃക, പിൻതലമുറ അനുകരിക്കുന്നതിലെ അപകടത്തെക്കുറിച്ചു ബോധ്യമുള്ളതിനാൽ, തലമുറയെ നാശത്തിലേക്കു തള്ളി വിടുവാൻ തക്കവണ്ണം മദ്യപാനത്തിന് ഒരുമ്പെടുകയില്ല. പരിശുദ്ധാത്മാവിന്റെ മന്ദിരമാണ് തങ്ങളുടെ ശരീരം എന്ന് തിരിച്ചറിഞ്ഞിട്ടുള്ള ഒരു ദൈവപൈതൽ അഥവാ ക്രിസ്ത്യാനി, മദ്യം വിളമ്പുന്ന ഇടങ്ങളിൽ ഇരിക്കുക പോലും ഇല്ല. അത്രയ്ക്ക് മ്ലേഛവും വഷളായതും ആയ ഒരു പ്രവൃത്തി ആണ് ഏതു ലഹരി പദാർത്ഥവും ഉപയോഗിക്കുന്നത്.

*കടപ്പാട്*



ചെയ്സ് ജോസഫ്

# അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ

റോമാ ലേഖനം ഏഴാം അധ്യായം ആണല്ലോ നാം പഠിച്ചു കൊണ്ടിരിക്കുന്നത്.ക്രിസ്തീയ ഉപദേശം ശരിയായി മനസ്സിലാക്കുന്നതിനു ഈ അദ്ധ്യായത്തിന്റെ വ്യാഖ്യാനം വളരെ പ്രധാനമാണ്.

എട്ടാം വാക്യം മുതൽ പൗലോസ്, മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന പാപപ്രകൃതം എത്ര അപകടകരമാണെന്ന് കാണിച്ചു തരുന്നു. പൗലോസ് ഈ വാക്യങ്ങളിൽ പലതും സ്വന്തം അനുഭവം ആയിട്ടാണ് എഴുതുന്നത്. അത് കൊണ്ട് പാപവുമായുള്ള ഈ പോരാട്ടം പൗലോസ് രക്ഷിക്കപ്പെടുന്നതിനു മുൻപുള്ള അവസ്ഥ ആണോ, അതോ രക്ഷിക്കപ്പെട്ട ശേഷം ഉള്ള അവസ്ഥ ആണോ എന്നതിൽ വിവിധ അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ അദ്ധ്യായം പൗലോസിനെക്കുറിച്ച് പ്രത്യേകിച്ച് ഒന്നും പറയുന്നില്ല എന്നതാണ് സത്യം. രക്ഷിക്കപ്പെടുന്നതിനു മുൻപോ പിൻപോ, ഉള്ള പൗലോസിന്റെ അവസ്ഥ അല്ല ഈ വാക്യങ്ങളിൽ വിവരിക്കുന്നതു. ന്യായപ്രമാണത്തിന്റെ അനുസരണത്താൽ നീതികരിക്കപ്പെടാൻ ആഗ്രഹിക്കുന്ന ഒരു മനുഷ്യൻ എങ്ങനെ പരാജയപ്പെടുന്നു എന്നതാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. ഇത് വ്യക്തമാക്കാൻ വേണ്ടി പൗലോസ് ഒരു ഉദാഹരണമായി തന്റെ കാര്യം പരാമർശിക്കുന്നു എന്നേ ഉള്ളു.

എങ്ങനെയാണ് പാപസംബന്ധമായി നാം മരിച്ചു, പാപത്തിന്റെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുന്നത് എന്നാണ് ആറാം അധ്യായത്തിൽ നാം കണ്ടത്. എന്നാൽ ഈ അധ്യായത്തിൽ ന്യായപ്രമാണം എങ്ങനെ ആണ് ഒരു മനുഷ്യനു നിഷ്പ്രയോജനമായി ഭവിക്കുന്നത് എന്ന് വിശദീകരിക്കുന്നു. ന്യായപ്രമാണം മനുഷ്യനെ നീതികരിക്കുന്ന കാര്യത്തിൽ എങ്ങനെ പരാജയപ്പെട്ടു എന്നു വിശദീകരിക്കുവാൻ പൗലോസിനേക്കാളും നല്ല ഉദാഹരണം വേറെ ഉണ്ടോ?

പൗലോസ് ന്യായപ്രമാണത്തിന്റെ നീതി സംബന്ധിച്ചു തികവുള്ളവൻ ആകാൻ വേണ്ടി വളരെ കഷ്ടം സഹിച്ച ആൾ ആണ്. ഫിലിപ്പിയ ലേഖനത്തിൽ പൗലോസ് പറയുന്നു, ഞാൻ ന്യായപ്രമാണത്തിന്റെ നീതി സംബന്ധിച്ച് അനിന്ദ്യൻ ആണ് എന്ന്. എന്താണ് ഇതിന്റെ അർഥം? ന്യായപ്രമാണസംബന്ധമായ ഒരു കാര്യത്തിലും പൗലോസിനെ കുറ്റം വിധിക്കുവാൻ ആർക്കും കഴിയുകയില്ല എന്നാണ് താൻ ഉദ്ദേശിക്കുന്നത്. ഏതളവു വരെയും പ്രമാണം അനുസരിച്ചാലും, തന്റെ ശരീരത്തിൽ വസിക്കുന്ന പാപ പ്രമാണത്തെ അതി

**ദൈവം ആഗ്രഹിക്കുന്ന നന്മ ചെയ്യുവാൻ നമ്മുടെ ശരീരത്തിന് കഴിവില്ല. മനസ്സു കൊണ്ട് എത്ര തീരുമാനം എടുത്താലും ശരീരം പതുക്കെ അത് പരാജയപ്പെടുത്തും. എത്രയോ തീരുമാനങ്ങൾ നാം എടുക്കുന്നു!**

ജീവിക്കുവാൻ കഴിയുകയില്ല എന്ന് പൗലോസ് മനസ്സിലാക്കുന്നു. ഇതാണ് ഏഴാം അധ്യായ ത്തിൽ മുഴുവനും വിവരിക്കുന്നത്. ന്യായപ്രമാണ ത്താൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീ കരിക്കപ്പെടുകയില്ല. ഇത് എന്ത്കൊണ്ടാണ്? ന്യാ യപ്രമാണം മോശമായത് കൊണ്ടോ, ദൈവീകമ ല്ലാത്തതു കൊണ്ടോ ഒന്നുമല്ല. അത് ആർ ക്കാണോ ലഭിച്ചിരിക്കുനത്, അവൻ ശരീരം നിമിത്തം ബലഹീനൻ ആയതു കൊണ്ടാണ്.

ന്യായപ്രമാണം ആത്മീകം തന്നെ ആണ്. എങ്കിലും ഇത് അനുസരിക്കാൻ നിയോഗി ക്കപ്പെട്ടിരിക്കുന്ന താൻ പാപത്തിന്റെ ദാസനും, പാപം അല്ലാതെ വേറെ ഒന്നും ചെയ്യാൻ കഴിവി ല്ലാത്തവനും പാപത്തിനു അടിമ ആയി വിൽ ക്കപ്പെട്ടവനും ആണെന്ന് പൗലോസ് പറയുന്നു. എന്തു കൊണ്ടാണ് അങ്ങനെ അനുഭവപ്പെടു ന്നത്? ശരീരത്തിന്റെ ബലഹീനത കാരണം ആണ്.ദൈവം ആഗ്രഹിക്കുന്ന നന്മ ചെയ്യുവാൻ നമ്മുടെ ശരീരത്തിന് കഴിവില്ല. മനസ്സ് കൊണ്ട് എത്ര തീരുമാനം എടുത്താലും ശരീരം പതുക്കെ അത് പരാജയപ്പെടുത്തും. എത്രയോ തീരുമാന ങ്ങൾ നാം എടുക്കുന്നു! ഈ പുതുവർഷം തന്നെ നമ്മിൽ പലരും പല തീരുമാനങ്ങളും എടുത്തി ട്ടുണ്ടാവും. പക്ഷെ കുറച്ചു നാൾ കഴിയുമ്പോൾ ആ തീരുമാനം നാം തന്നെ മറക്കും. ഇനി അഥ വാ ഒരു തീരുമാനം എടുത്തിട്ട് അതിൽ കുറെ നാളത്തേയ്ക്ക് ജയിക്കാൻ കഴിഞ്ഞു എന്നിരി ക്കട്ടെ. അത് സ്വേച്ഛാരാധനയിലേക്കു ആയിരിക്കും നമ്മെയും മറ്റുള്ളവരെയും നയിക്കുക.

ഉദാഹരണത്തിന് ഒരു വ്യക്തി വിശുദ്ധൻ ആ വാൻ ആഗ്രഹിച്ച് ഒരു കഠിനമായ തീരുമാനം എടുക്കുന്നു; ഇനി മേലാൽ എന്ത് അസുഖം വ ന്നാലും ഞാൻ ആശുപത്രിയിൽ പോകില്ല എന്ന്! അദ്ദേഹം അതിൽ പരാജയപ്പെടാൻ ആ ണ് കൂടുതൽ സാധ്യത. എന്നാൽ ചിലർ ജയിക്കാ റുമുണ്ടല്ലോ. ഈ ആൾ ജയിച്ചു എന്ന് കരുതുക. അദ്ദേഹം അതിൽ വളരെ അഭിമാനം ഉള്ളവൻ ആ യിരിക്കും. അങ്ങനെ പലപ്പോഴായി നാം എടു ത്ത പല തീരുമാനങ്ങളും വിജയിക്കുമ്പോൾ നാം സ്വാഭിമാനികളും മറ്റുള്ളവരെ കുറ്റം പറയുന്നവ രും സ്വന്തം ഇച്ഛാശക്തിയെ മഹത്വപ്പെടുത്തുന്ന വരും ആയി മാറും. സ്വന്തം നീതിയെയും വിശു ദ്ധിയേയും മറ്റുള്ളവർക്കു മുൻപിൽ അവർക്കു പ്ര ചരിപ്പിക്കേണ്ടതായി വരും. കാരണം പ്രവൃത്തിക ളാൽ ഉള്ള നീതി പ്രസംഗിക്കണം എങ്കിൽ നാം അത് പ്രവർത്തിച്ചു കാണിക്കണം. ഇതിൽ എന്താണ് അപകടം എന്ന് മനസ്സിലാക്കാൻ പ്ര യാസമാണ്. നാം പ്രവർത്തിക്കുന്നത് അല്ലേ നാം പ്രസംഗിക്കാവൂ? എന്നാൽ ഇവിടെ നാം മനസ്സി ലാക്കേണ്ട ഏറ്റവും വലിയ വിരോധാഭാസം, പ്രവർത്തിക്കുന്നത് അല്ല നാം പ്രസംഗിക്കേണ്ടത് എന്നാണ്. നാം വിശ്വസിക്കുന്നതാണ് പ്രസം ഗിക്കേണ്ടത്. ഞാൻ അത് ഒന്ന് വിശദമാക്കാൻ ശ്രമിക്കാം,

എന്നോട് ആരെങ്കിലും നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ആണോ വേദിയിൽ നിന്ന് പ്രസംഗി ക്കുന്നത് എന്ന് ചോദിച്ചാൽ തീർച്ചയായും എന്റെ ഉത്തരം 'അല്ല' എന്ന് തന്നെയാണ്. അങ്ങനെ ഉത്തരം പറയാനേ എനിക്ക് കഴിയുകയുള്ളു. കാരണം ഇന്നേ വരെ എന്റെ ഏതെങ്കിലും അനു സരണം ദൈവത്തെ പൂർണ്ണമായി പ്രസാദിപ്പിച്ചു എന്ന് എനിക്ക് തോന്നിയിട്ടില്ല. കാരണം ദൈവ ത്തിന്റെ നീതി നിർവഹിക്കാൻ എന്റെ ശരീരത്തിന് കഴിവില്ല. ഞാൻ പ്രസംഗിക്കുന്നത് എന്റെ തീരു മാനങ്ങളെക്കുറിച്ചോ എന്നെക്കുറിച്ചോ അല്ല, ക്രൂ ശിതനായ ക്രിസ്തുവിനെക്കുറിച്ചും അവന്റെ നീ തിയെക്കുറിച്ചും മാത്രം ആണ്. ഞാനും നിങ്ങളും എല്ലാം കൊതിയോടെ പുറകെ ഓടുന്ന ആ നീതി ആണ് നമ്മുടെ മുൻപിൽ ലക്ഷ്യമായി ഉള്ളത്. എന്റെ അയൽക്കാരെ സ്നേഹിക്കുക എ ന്ന കൽപ്പന ഞാൻ അനുസരിച്ചിട്ടുണ്ടോ? ഒരിക്ക ലും ഇല്ല. കാരണം ഞാൻ സ്നേഹം എന്ന് വി ചാരിക്കുന്നത് അല്ല, ദൈവം സ്നേഹം എന്ന് നി ർവചിക്കുന്നത്. ഞാൻ എന്നോട് തെറ്റ് ചെയ്യുന്ന വരോട് ക്ഷമിച്ചിട്ടുണ്ടോ? ഒറ്റ നോട്ടത്തിൽ ഉണ്ടാ യിരുന്നേക്കാം. എന്നാൽ യേശുക്രിസ്തു നമ്മോടു ക്ഷമിച്ചതു വച്ച് നോക്കുമ്പോൾ ഇല്ല എന്ന് വ്യ ക്തമായി കാണാം. എന്ത് കൊണ്ടാണ് നമ്മുടെ അവയവങ്ങൾ പൂർണ്ണമായി അനുസരിക്കാത്തത്? പൗലോസ് പറയുന്നു: നമ്മുടെ ശരീരത്തിന് അ തിനുള്ള കഴിവില്ല. ചുരുക്കി പറഞ്ഞാൽ ദൈവ ത്തിന്റെ നീതി നിർവഹിക്കാൻ എനിക്ക് മനസ്സ് കൊണ്ട് ആഗ്രഹം ഉണ്ട്. എന്നാൽ ശരീരത്തിൽ സ്വാഭാവികമായി ഉത്പ്പാദിപ്പിക്കപ്പെടുന്ന രാസ ജൈവ പ്രക്രിയകൾക്കൊന്നും ദൈവീക സ്നേഹത്തെ ഉളവാക്കാൻ ഉള്ള കഴിവില്ല. ദേഷ്യമോ വാത്സല്യമോ സഹോദര പ്രീതിയോ ഒരു പക്ഷെ നമ്മുടെ ജീവിതത്തിൽ ഉണ്ടായേ ക്കാം. പക്ഷെ ദൈവീക സ്നേഹം ഒരിക്കലും ഉളവാക്കാൻ നമുക്ക് കഴിയില്ല.

ജഡത്തിന്റെ ബലഹീനത എങ്ങനെയാണ് ന്യായപ്രമാണത്തിന്റെ ഉദ്ദേശത്തെ വിഫലമാക്കുന്നത് എന്ന് പഠിപ്പിക്കാൻ പൗലോസ് രണ്ടു കാര്യങ്ങൾ ആണ് പറയുന്നത്.

**ഒന്നാമതായി,** നമ്മിൽ കാണപ്പെടുന്ന involuntary sins (അറിയാതെ സംഭവിക്കുന്ന പാപങ്ങൾ). പൗലോസ് പറയുന്നു: നന്മ ചെയ്യണം എന്ന് ആഗ്രഹിച്ചിട്ടും തിന്മ എന്റെ പക്കൽ ഉണ്ടെന്നു ഞാൻ കാണുന്നു. അപ്പോൾ മനസ്സ് കൊണ്ട് നന്മ ചെയ്യുവാൻ ഉള്ള തീരുമാനം ഉണ്ടെങ്കിലും പാപത്താൽ വീണു പോയ നമ്മുടെ ഈ ശരീരത്തിൽ അനുസരിക്കണം എന്നുള്ള മനസ്സിന്റെ നല്ല ആഗ്രഹം നിറവേറില്ല. അറിഞ്ഞു കൊണ്ട് ചെയ്യുന്ന പാപങ്ങളുടെ മേൽ നമുക്ക് നിയന്ത്രണം ഉണ്ട്. എന്നാൽ അറിയാതെ വന്നു പോകുന്ന പാപങ്ങളുടെ മേൽ നമുക്ക് നിയന്ത്രണം ഇല്ല എന്ന് മാത്രമല്ല, അത് വരുന്നത് നമ്മൾ പോലും അറിയുന്നില്ല. അത് കൊണ്ട് ഈ പാപങ്ങൾ നമ്മുടെ അടിമത്തത്തെ ആണ് കാണിക്കുന്നത്, പൗലോസ് പറയുന്നു, ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല, എന്നിൽ വസിക്കുന്ന പാപസ്വഭാവം എന്റെ അനുവാദം കൂടാതെ തന്നെ, ഞാൻ അറിയാതെ തന്നെ, പാപപ്രവർത്തി ചെയ്യുകയാണ്.

**രണ്ടാമതായി,** നമ്മുടെ മനസ്സിൽ ദൈവത്തിനു അനുകൂലമായി എടുക്കുന്ന തീരുമാനങ്ങൾക്കെതിരെ, നമ്മുടെ അവയവങ്ങൾ നടത്തുന്ന യുദ്ധമാണ്. ഇത് വളരെ കഠിനമായ ഒരു യുദ്ധം തന്നെയാണ്. എന്റെ അടുത്ത് വരുന്ന ഒരു ഭിക്ഷാടകന് ഞാൻ പണം കൊടുത്തു സഹായിക്കുന്നു. എന്നാൽ എന്റെ ഉള്ളിൽ ദൈവത്തിന്റെ ന്യായപ്രമാണം പറയുന്നു, ആ പണം കൊടുത്തത് കൊണ്ട് നീ നീതിമാൻ ആവുന്നില്ല, നീ എങ്ങനെ കർത്താവിനാൽ സ്നേഹിക്കപ്പെട്ടോ, അതെ സ്നേഹം നീ അവനു കൊടുക്കണം എന്ന്. എനിക്കറിയാം നമുക്ക് എല്ലാവർക്കും അങ്ങനെ സ്നേഹം ഉള്ളവർ ആകാൻ ആഗ്രഹം ഉണ്ട്; തീരുമാനവും എടുത്തു എന്നിരിക്കട്ടെ. പക്ഷെ ഈ തീരുമാനത്തോട് നമ്മുടെ ശരീരം അനുകൂലിക്കുകയില്ല. കാരണം ഈ ശരീരത്തിൽ നന്മ ഒന്നും വസിക്കുന്നില്ല. അത് കൊണ്ട് ന്യായപ്രമാണം എന്റെ ബലഹീനത കാണിച്ചു തരികയും എന്നെ കുറ്റം വിധിക്കുകയും ചെയ്യുന്നു. ഒരു മനുഷ്യനും സ്വയം പുകഴുവാനോ, ആശ്വസിക്കാനോ കഴിയാത്ത വിധം ദൈവത്തിന്റെ ന്യായപ്രമാണം നമുക്ക് പാപബോധം വരുത്തുന്നു. ആ നിസ്സഹായത ആണ് രക്ഷകനെ അന്വേഷിക്കാൻ നമ്മെ നിർബന്ധിക്കുന്നത്.

എന്നാൽ ക്രിസ്തുവിൽ ആയതിനു ശേഷവും ജഡം കൊണ്ട് സാധിപ്പിക്കാവുന്ന ഒരു നീതിക്കായി പരിശ്രമിക്കുവാൻ ഉള്ള പ്രവണത എല്ലാ ആദാമ്യ സന്തതികൾക്കും ഉണ്ട്. ശരിക്കും അതായിരുന്നല്ലോ സാത്താൻ ഹവ്വയെ ഉപായത്തിൽ ചതിക്കാൻ ഉപയോഗിച്ച തന്ത്രം. ദൈവത്തെ പോലെ ആകുവാൻ നന്മ തിന്മകളെ അറിഞ്ഞു നന്മ ചെയ്തു ചെയ്തു പരിപൂർണ്ണരാവുക. ബുദ്ധിയുള്ള ആർക്കും ശരി എന്ന് തോന്നുന്ന തന്ത്രം. നമ്മുടെ പാപ ജഡത്തെ ക്രൂശിച്ചു, സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന പുതിയ മനുഷ്യൻ, വിശ്വാസത്താൽ ഇന്നും ജീവിക്കുന്നതിനു പകരം, നാം മനുഷ്യനീതിയിലേക്കു അഥവാ സ്വയനീതിയിലേക്കു തിരിയുമ്പോൾ, ഹവ്വ അകപ്പെട്ട അതേ വഞ്ചനയിൽ ആണ് നാമും അകപ്പെടുന്നത്.

ഒന്ന് ആലോചിച്ചു നോക്കൂ: നാം എന്തുകൊണ്ടാണ് നല്ലവർ ആയി കാണപ്പെടുന്നത്. നമ്മുടെ കുടുംബം, സാഹചര്യം, വിദ്യാഭ്യാസം, ബന്ധങ്ങൾ എല്ലാം അതിനു നമ്മെ സഹായിച്ചിട്ടുണ്ട്. അങ്ങനെ ഉണ്ടാവുന്ന നീതി ജഡീകമാണ്. പൗലോസ് പറയുന്നു എനിക്ക് ജഡപ്രകാരം പുകഴുവാൻ വളരെ ഉണ്ട്. എന്നാൽ അതെല്ലാം ന്യായപ്രമാണ പ്രകാരം അനിന്ദ്യൻ ആവാൻ എന്നെ സഹായിച്ചു. പക്ഷെ ക്രിസ്തുവിന്റെ പരിജ്ഞാനത്തിലേക്ക് പോകുവാൻ ആ കഴിവുകളെ, നന്മകളെ, സ്വയം ചെയ്ത നീതിപ്രവർത്തികളെ എല്ലാം ഉപേക്ഷിച്ചു അവന്റെ മരണത്തിൽ പങ്കാളി ആകേണ്ടി വന്നു. (ഫിലിപിയർ 3: 9) ഈ ലേഖനം പൗലോസ് അവസാനിപ്പിക്കുന്നത് ഒന്നും ചെയ്യാൻ പൗലോസിനെ അനുവദിക്കാത്ത ഒരു ദയനീയ അവസ്ഥയെ എടുത്തു കാണിച്ചുകൊണ്ടാണ്.

വിശ്വാസി ആയാലും അവിശ്വാസി ആയാലും ന്യായപ്രമാണത്തിന്റെ നീതി, പ്രവൃത്തിയാൽ അന്വേഷിക്കുന്നവരുടെ ഗതി, മുകളിൽ പറയുന്ന ദയനീയഅവസ്ഥ തന്നെ ആണ്. മരണം വസിക്കുന്ന ഈ ശരീരത്തിൽ നിന്ന് എന്നെ ആർ രക്ഷിക്കും എന്ന ഒരു നിലവിളി ആണ് പൗലോസിന്റെ പ്രതികരണം. ഇതിന്റെ ഉത്തരം ഒരു വലിയ അത്ഭുതം ആണ്. അത് നമുക്ക് അടുത്ത അദ്ധ്യായത്തിൽ ചിന്തിക്കാം. •



ജെസ്സി സാജു



# അമ്മാവിയമ്മ മരുമകൾ ബന്ധം

ബൈബിളിൽ രൂത്തിന്റെയും നൊവോമിയുടെയും ചരിത്രം ശ്രദ്ധിച്ചാൽ ഒരു പുസ്തകംതന്നെ രൂത്തിന്റെ പേരിലുണ്ട്. വേദപുസ്തക കഥാപത്രങ്ങൾ സാധാരണക്കാരാണ്. നമുക്ക് അനുകരിക്കാൻ പറ്റുന്ന സാധാരണക്കാർ! ഇങ്ങനെയുള്ളവരുടെ ജീവിത അനുഭവങ്ങൾ വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്, അവരിലൂടെ നാം ജീവിത പാഠങ്ങൾ പഠിക്കേണ്ടതിനാണ്. അവരുടെ തിന്മ നാം അനുകരിക്കാതിരിക്കേണ്ടതിനു നമുക്ക് 'ബുദ്ധിയുപദേശത്തിനായി 'എഴുതിയിരിക്കുന്നു'. (1 കൊരിന്ത്യർ 10:11). എന്നാൽ വേദപുസ്തകത്തിലെ ആത്മികരായ കഥാപാത്രങ്ങളിലൂടെ, അവരുടെ നല്ല മാതൃക നാം അനുകരിക്കേണ്ടതുണ്ട്. എലിമലേക്കിന്റെയും നൊവോമിയുടെയും മകന്റെ ഭാര്യയായാണ്, രൂത്ത് നൊവോമിയുടെ കുടുംബത്തിലേക്ക് കടന്നുവരുന്നത്. ഭർതൃഗൃഹത്തിലേക്ക് വരുന്ന ഒരു സ്ത്രീ ഭാര്യയായി മാത്രമല്ല, മരുമകൾ കൂടിയായിട്ടാണ് വരുന്നത്. നമ്മൾ വളരെ ശ്രദ്ധിക്കേണ്ട ഒരു ബന്ധമാണ് അമ്മാവിയമ്മ മരുമകൾ ബന്ധം.

ഒരു സ്ത്രീ ഭാര്യയാകുന്ന ആദ്യനിമിഷം തന്നെ, ഭർത്താവും ഭാര്യയും അടങ്ങുന്ന ഒരു കുടുംബ യൂണിറ്റിലേക്ക് പ്രവേശിക്കുന്നു. എന്നാൽ അതോടൊപ്പം അവളൊരു കമ്മ്യൂണിറ്റിയുടെ ഭാഗം കൂടെയാണ്. ഭാരത സംസ്കാരവും ഭാരത പശ്ചാത്തലവും, എന്നും കൂട്ടുകുടുംബ ബന്ധത്തിൽ അധിഷ്ഠിതമായിരുന്നു. അവിടെ, ഭർത്താവിന്റെ അമ്മയപ്പന്മാർ, സഹോദരീസഹോദരന്മാർ, അവരുടെ ഭാര്യാഭർത്താക്കന്മാർ, അങ്ങനെ വിവിധ ബന്ധങ്ങളിലായി പലരും ഉണ്ട്. ഈയൊരു യാഥാർത്ഥ്യം നാം അംഗീകരിച്ചേ പറ്റൂ. വേദപുസ്തക സംസ്കാരവും ഏതാണ്ട് ഇതിനെ പിന്താങ്ങുന്നത് ആണ്. ദൈവം വിഭാവന ചെയ്യുന്ന കുടുംബം എങ്ങനെയാണെന്ന് രൂത്തിന്റെയും നൊവോമിയുടെയും ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നൊവൊമി ബേത്‌ലഹേമിൽ ജനിച്ചുവളർന്ന ഒരു സ്ത്രിയാണ്. സ്വദേശത്തു ക്ഷാമം രൂക്ഷമായപ്പോൾ അവർ കുടുംബമായി മോവാബിലേക്ക് കുടിയേറുന്നു, രണ്ടു മക്കളുടെയും വിവാഹം അവിടെ വച്ച് നടന്നു. പിന്നീട് സ്വന്തഭർത്താവും രണ്ട് ആൺമക്കളും അവിടെ വെച്ച് മരിക്കുന്നു. കുട്ടികൾ പോലുമില്ലാത്ത രണ്ടു മരുമക്കളും നൊവൊമിയോടൊപ്പം വിധവമാരായി തീരുന്നു.

**അവളുടെ ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയവും വിശ്വാസവും നിമിത്തം ദുഖിതയെങ്കിലും കുലുങ്ങാതെ നിൽക്കുന്ന നൊവൊമിയുടെ വിശ്വാസവും ആശ്രയവും മരുമക്കളെ അത്ഭുതസ്തബ്ധരാക്കുക തന്നെ ചെയ്തു.**

ഈ പശ്ചാത്തലത്തിൽ നൊവോമി രണ്ടുപേരോടും ഗൗരവമായി പറയുന്നു; നിങ്ങൾ നിങ്ങളുടെ സ്വന്തഭവനത്തിൽ പോയി വിവാഹിതർ ആയി ജീവിച്ചു കൊള്ളൂ. ഞാനെന്റെ സ്വദേശത്തേക്ക് മടങ്ങി പോയി ജീവിച്ച് കൊള്ളാം. ഓർപ്പ എന്ന മരുമകൾക്ക് ദു:ഖം ഉണ്ടെങ്കിലും അവൾ കരഞ്ഞു അമ്മാവിയമ്മയ്ക്ക് ചുംബനം നൽകി മടങ്ങിപ്പോയി. നൊവോമി അവരുടെ രണ്ടാം മരുമകളായ രൂത്തിനോട് പറയുന്നത്, ഓർപ്പ തന്റെ ജനത്തിന്റെ അടുത്തേക്ക് മാത്രമല്ല, അവളുടെ ദേവന്റെ അടുത്തേക്ക് മടങ്ങി പോയി എന്നാണ്.

ഒരു മോവാബ്യന്റെ പത്താം തലമുറ പോലും ഒരുനാളും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് എന്നായിരുന്നു യിസ്രായേല്യർക്കു ദൈവം പ്രമാണം നൽകിയിരുന്നത് (ആവർത്തനം 23:3). ഇവരുടെ വിവാഹം നടന്നത് പോലും ഈ പ്രമാണത്തിനു വിരുദ്ധമായിട്ടായിരുന്നു. എങ്കിലും അവർ ഒന്നിച്ചുള്ളപ്പോൾ ഈ രണ്ടു മോവാബ്യ സ്ത്രീകളോടും ജീവനുള്ള ദൈവം ഉണ്ടെന്ന് നൊവോമി പറയുകയും, ദൈവീക പൈതൃകം ആ മരുമക്കൾക്ക് പകർന്നുകൊടുക്കുകയും ചെയ്തിരിക്കണം. നൊവൊമിയുടെ ജീവിതത്തിൽ പാടേ തകർന്നു പോയേക്കാവുന്ന ഒരു വലിയ പ്രതിസന്ധി തന്നെ ആയിരുന്നു ഭർത്താവിന്റെയും ആൺ മക്കളുടെയും അപ്രതീക്ഷിത മരണം. പക്ഷെ അവളുടെ ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയവും വിശ്വാസവും നിമിത്തം, ദുഖിതയെങ്കിലും കുലുങ്ങാതെ നിൽക്കുന്ന നൊവൊമിയുടെ വിശ്വാസവും ആശ്രയവും മരുമക്കളെ അത്ഭുതസ്തബ്ധരാക്കുക തന്നെ ചെയ്തു. അവർക്കു അവിശ്വസിനീയമായിരുന്നു അമ്മയുടെ ഈ വിശ്വാസം.

അവർ രണ്ടുപേരും വിജാതിയ സാഹചര്യത്തിൽ നിന്നു വന്നവരാണല്ലോ. രണ്ടുപേർക്കും ആത്മീയത ഒരുപോലെ പകർന്നുകൊടുത്തു. എന്നാൽ ഒരാൾ വിശ്വാസത്തിന്റെ ശോധന വന്നപ്പോൾ, വിശ്വാസം വിട്ടുകളഞ്ഞു 'തന്റെ ജനത്തിന്റെയും ദേവന്റെയും' അടുത്തേക്ക് മടങ്ങി പോയി. എന്നാൽ ആ സാഹചര്യത്തിൽ ദൈവത്തോടും അമ്മാവിയമ്മയോടും പറ്റി നിന്ന ചരിത്രമാണ് രൂത്തിന്റേത്. അവൾ അവളുടെ സ്വാർത്ഥ സുഖം നോക്കിയില്ല. അവൾ സ്വന്തദേശത്തേക്ക് മടങ്ങിപ്പോയിട്ട് അവളുടെ ദൈവത്തെ സേവിക്കുവാനായി ആഗ്രഹിച്ചില്ല.

**ഭർത്താവിന്റെ മാതാപിതാക്കളോടും ഭർതൃസഹോദരങ്ങളോടും, പ്രത്യേകിച്ച് അമ്മാവിയമ്മ, മരുമകൾ, നാത്തൂൻ ബന്ധങ്ങളെക്കുറിച്ച് കൂടെ, നാം കൂടുതൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതല്ലേ? അതിൽ അമ്മാവിയമ്മ മരുമകൾ ബന്ധത്തിന് നൊവൊമി രൂത്ത് ബന്ധത്തോളം ഉദാത്തമായ ഒരു മാതൃക വേദപുസ്തകത്തിൽ വേറെയില്ല.**

അവൾ അമ്മാവിയമ്മയോട് പറ്റി നിന്നു. അമ്മാവിയമ്മയുടെ ദൈവം അവളുടെയും ദൈവമായി ത്തീർന്നു. ഇനി അവൾക്ക് പിന്മാറിക്കൂടാ. സത്യദൈവത്തിങ്കലേക്കു മരുമകളെ നയിക്കത്തക്ക വണ്ണം ഉത്തമ മാതൃകയുള്ള ജീവിതമാണ് ആ അമ്മയിൽ വെളിപ്പെട്ടത്.

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള കടപ്പാടുകളെപ്പറ്റി വിവാഹ വേദികളിൽ നാം ധാരാളം കേൾക്കാറുണ്ട്. എന്നാൽ ഭാര്യ, വന്നുകയറിയ കുടുംബത്തിലെ മറ്റുള്ള വ്യക്തികളോട് അവൾക്കുള്ള ബന്ധവും മറ്റുള്ളവർക്ക് തങ്ങളുടെ കുടുംബത്തിലെ പുതിയ വ്യക്തിയോടുള്ള ബന്ധവും എങ്ങനെ ഇരിക്കണം എന്ന് പലപ്പോഴും പറഞ്ഞു കേൾക്കുന്നില്ല. അതായത്, ഭർത്താവിന്റെ മാതാപിതാക്കളോടും ഭർതൃസഹോദരങ്ങളോടും, പ്രത്യേകിച്ച് അമ്മാവിയമ്മ, മരുമകൾ, നാത്തൂൻ ബന്ധങ്ങളെക്കുറിച്ച് കൂടെ, നാം കൂടുതൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതല്ലേ? അതിൽ അമ്മാവിയമ്മ മരുമകൾ ബന്ധത്തിന് നൊവൊമി രൂത്ത് ബന്ധത്തോളം ഉദാത്തമായ ഒരു മാതൃക വേദപുസ്തകത്തിൽ വേറെയില്ല.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ പുസ്തകത്തെ വേദപുസ്തകത്തിൽ ഉൾക്കൊള്ളിച്ചപ്പോൾ ഈ ബന്ധത്തിന്റെ പ്രായോഗിക വശങ്ങൾ നമുക്ക് മനസ്സിലാക്കിത്തരാൻ അവിടുന്ന് തീർച്ചയായും ഉദ്ദേശിച്ചിരിക്കണം. രൂത്ത് നൊവോമിയോട് പറയുന്ന വാക്കുകൾ സാധാരണ നിലയിൽ ഒരു ഭാര്യ ഭർത്താവിനോട് പറയുന്ന വാക്കുകളാണ്. 'നിന്നെ വിട്ടുപിരിയാൻ എന്നോട് പറയരുതേ!' (രൂത്ത് 1:16.) എന്ന് രൂത്ത് നൊവൊമിയോട് അപേക്ഷിക്കുകയാണ്. അതായത്, ഭർത്താവിന്റെ അഭാവത്തിൽ പോലും

അമ്മാവിയമ്മയെ ജീവപര്യന്തം പരിപാലിക്കാൻ അവളെടുക്കുന്ന തീരുമാനം, അവൾ അമ്മാവിയമ്മയോട് കാണിക്കുന്ന ഔദാര്യമല്ല, പ്രത്യുത ഒരു പദവിയാണ്! അമ്മാവിയമ്മ അവൾക്കൊരു ബാധ്യതയല്ല, അവരോട് ഒന്നിച്ചുള്ള സഹവാസം രൂത്തിന് ഒരു ജീവിത സായൂജ്യമാണ്.

ഒന്നാമത് നൊവൊമിയുടെ കാര്യം തന്നെ എടുക്കുക. പറഞ്ഞാൽ തീരാത്ത കഷ്ടങ്ങളും നഷ്ടങ്ങളും ജീവിതത്തിൽ വന്നുപെട്ടപ്പോൾ, ഭർത്താവും മക്കളും മരിച്ച പ്രതിസന്ധിയുടെ പാരമ്യതയിൽ എത്തിയപ്പോൾ, മരുമക്കളെക്കൂടെ ഈ ദുരിതത്തിൽ ഉൾപ്പെടുത്തണം എന്നല്ല, എങ്ങനെയും അവരെ സ്വതന്ത്രരാക്കണം എന്നാണ് നൊവോമി ആഗ്രഹിക്കുന്നത്. ഈ ദുരിതം ഞാനൊറ്റയ്ക്ക് വഹിച്ചു കൊള്ളാം എന്ന മനോഭാവത്തോടെ 'എന്റെ മക്കളെ നിങ്ങൾ മടങ്ങിപ്പൊയ്ക്കൊൾവിൻ' (രൂത്ത് 1: 11 ) എന്നാണ് നൊവോമി പറയുന്നത്! എത്ര ഉദാത്തമായ ഒരു അമ്മാവിയമ്മ എന്ന് നോക്കൂ. തന്റെ മരുമക്കൾ കഷ്ടപ്പെടരുതെന്നും, അവർക്കൊരു ഭാവി ഉണ്ടാകണമെന്നും ആത്മാർത്ഥതയോടെ ആഗ്രഹിച്ച ഈ അമ്മാവിയമ്മ എല്ലാ അമ്മാവിയമ്മമാർക്കും ഒരു മാതൃകയാണ്. മരുമകൾ അവർക്ക് സ്വന്തം മകളെപ്പോലെയോ അതിനപ്പുറമോ ആയിരുന്നു. അതാണ് ദൈവീകത. എല്ലാ അമ്മമാരും ഈ പാഠം പഠിക്കണം. രൂത്ത് പറയുന്നത് ഇതാണ്: എന്റെ ബന്ധം എന്റെ ഭർത്താവിനോട് മാത്രമല്ല, ആയിരുന്നെങ്കിൽ ഭർത്താവ് മരിച്ചപ്പോൾ എനിക്ക് എല്ലാം ഇട്ടെറിഞ്ഞു പോകാമായിരുന്നു. എന്നാൽ വിവാഹത്താൽ ഞാൻ ബന്ധിക്കപ്പെട്ടത് ഭർത്താവിനോട് മാത്രമല്ല അദ്ദേഹത്തിന്റെ കുടുംബത്തോടും ദൈവത്തോടും ജനത്തോടും ആണ്. അമ്മാവിയമ്മമാരെ മരുമക്കൾ ഒരു ബാധ്യതയായി കാണുന്ന ഈ തലമുറയിൽ ആത്മീകർക്ക് തീർച്ചയായും രൂത്ത് ഒരു വെല്ലുവിളിയാണ്. 'നീ പോകുന്നേടത്ത് ഞാനും പോരും, നീ പാർക്കുന്നേടത്തു ഞാനും പാർക്കും എന്ന് ഒരു ഭാര്യ ഭർത്താവിനോട് പറയുന്നത് നമുക്ക് മനസ്സിലാക്കാം. എന്നാൽ അമ്മാവിയമ്മയോട്, ഭർത്താവ് മരിച്ച ഒരു അമ്മയോടു,'നീ മരിക്കുന്നേടത്തു ഞാനും മരിച്ച് അടക്കപ്പെടും'(രൂത്ത് 1:17) എന്ന് രൂത്ത് പറയുന്നത് ഉൾപ്പുളകത്തോടെയേ കേൾക്കാൻ കഴിയൂ. എന്റെ ജനത്തോടും എന്റെ കുടുംബത്തോടും എന്റെ ദൈവത്തോടുള്ള വൈകാരികമായ കെട്ടുപാടുകളെ പൊട്ടിച്ചു കളഞ്ഞിട്ടാണ് ഞാൻ ഈ ഭവനത്തിലേക്ക് വന്നത്.

ഇനി മോവാബ്യർ അല്ല എന്റെ ജനം. മോവാബ്യദൈവങ്ങൾ അല്ല എന്റെ ദൈവം. എന്റെ ഭർത്താവിന്റെ ഭവനത്തിലേക്ക് ഞാൻ വന്നതോടെ ഇനി എന്റെ ഭർത്താവിന്റെ, എന്റെ അമ്മാവിയമ്മയുടെ ജനം എന്റെ ജനം. എന്റെ ഭർത്താവിന്റെ ദൈവം എന്റെ ദൈവം.! വിവാഹിതരായിത്തിരുന്ന ഒരു സ്ത്രീയുടെ വൈകാരിക പറ്റുമാനം ഇനി അവളുടെ പഴയ വീട്ടുകാരോടോ, ജനത്തോടോ, ദേശത്തോടോ, ഒന്നുമാകാൻ പാടില്ല. ഇപ്പോൾ അവൾ പുതിയൊരു ഭവനത്തിലെ അംഗമാണ്. അവളുടെ വൈകാരിക അടുപ്പം ഇപ്പോൾ ഭർത്താവിനോടും ഭർത്താവിന്റെ കുടുംബത്തോടും സാഹചര്യത്തോടും പശ്ചാത്തലത്തോടും എല്ലാമാണ്. ഇതൊക്കെ ഇക്കാലത്ത് നടക്കുമോ എന്ന് സംശയിക്കുന്നവർ ഉണ്ടാകാം. എന്നാൽ ഇതാണ് ദൈവീക മാതൃക എന്നതിന് സംശയമൊന്നുമില്ല. ദൈവീക മാതൃക പിന്തുടരുന്ന കുടുംബം തകരുകയില്ല. ഭൂമിയിൽതങ്ങളുടെ ജീവിതത്തിൽ അവർ സർഗ്ഗം പണിയുക തന്നെ ചെയ്യും.

●

## നമ്മുടെ ഭവനങ്ങളിൽ യേശു ഉണ്ടോ?

നമ്മുടെ ഭവനത്തിന്റെ സ്ഥിതി എന്താണെന്ന് ഒന്ന് പരിശോധിക്കുക. അവിടെ ഒരു യഥാർത്ഥ ആത്മിക അന്തരീക്ഷം ഉണ്ടോ? നമ്മുടെ ഭവനം സന്ദർശിക്കുന്നവർ, നമ്മുടെ കൈവശം ഇരിക്കുന്ന പുസ്തകങ്ങളും, ഡി വി ഡി, പെൻഡ്രൈവ് എന്നിവ കാണുകയും കേൾക്കുകയും, അതിലുപരിയായി, നമുക്ക് അവരോടുള്ള സ്നേഹവും കരുതലും അവർ മനസിലാക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഭവനങ്ങളിൽ യേശുകർത്താവിന്റെ സാന്നിധ്യം ഉണ്ടെന്നു അവർക്കു ബോധ്യമാകുമോ? നമ്മുടെ കുടുംബജീവിതത്തിൽ കർത്താവിനു പ്രഥമവും പ്രധാനവുമായ സ്ഥാനം നാം നൽകിയിട്ടുണ്ടോ? അതോ, ലൗകികതയും സ്വാർത്ഥതയും കാപട്യവും ആണോ നമ്മിൽ അവർ ദർശിക്കുന്നത്? ശ്രദ്ധിക്കുക: ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു എങ്കിൽ, നിശ്ചയമായും നമ്മുടെ ഭവനത്തിലെ സകലത്തിന്റെയും നിയന്ത്രണം യേശുകർത്താവിനു തന്നെ ആയിരിക്കും.

●



ഷാജി ഉമ്മൻ

# കർത്താവിന്റെ ഏറ്റവും അടുത്തേക്ക്

ഗന്നേസരെത്ത് തടാകത്തിന്റെ കരയിൽ നല്ല തിരക്ക്. ശീമോന്റെ പടകിൽ കർത്താവ് കയറി ജനത്തിന് ഉപദേശം നൽകിയ ശേഷം, അവനോടു പറഞ്ഞു: 'ആഴത്തിലേക്കു നീക്കി മീൻപിടിത്തത്തിനു വല ഇറക്കുവിൻ' എന്ന്. നല്ല പരിചയ സമ്പന്നനായ ഒരു മുക്കുവൻ ആയിരുന്ന ശീമോന്, തച്ചന്റെ മകനെന്നു ജനം കരുതുന്ന, യേശുവിന്റെ വാക്കുകൾ വേണമെങ്കിൽ നിഷേധിക്കാമായിരുന്നു. മാത്രമല്ല, രാത്രി മുഴുവനും അധ്വാനിച്ച് ഒന്നും ലഭിക്കാതെ നിരാശനായിരിക്കുന്ന ശിമോൻ വല കഴുകുന്ന തിരക്കിലുമായിരുന്നു. എന്നിട്ടും യേശുവിന്റെ വാക്ക് അനുസരിച്ച് അവൻ വല ഇറക്കി. അവർ അങ്ങനെ ചെയ്തപ്പോൾ അത്ഭുതകരമായി പടകു രണ്ടും നിറയെ മീൻ ലഭിക്കുവാൻ ഇടയായി. ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടുപോകേണമേ എന്നു പറഞ്ഞു. (ലൂക്കോസ് 5:8).

ശീമോന്റെ പ്രതികരണം വളരെ വിഭിന്നമായ ഒന്നായി നമുക്ക് തോന്നുന്നില്ലേ? ഇവിടെ ശിമോൻ പത്രോസ്: ഞാൻ രാത്രി മുഴുവനും വൃഥാ അധ്വാനിച്ചു. ഒരു മീൻ പോലും ലഭിക്കാതെ ഭാരപ്പെട്ടപ്പോൾ, എന്റെ ആവശ്യം മനസ്സിലാക്കി കർത്താവ് എന്നോട് പറഞ്ഞതുപോലെ ഞാൻ ചെയ്തു. എന്റെ ആവശ്യങ്ങളെക്കാൾ അധികം എന്നെ കർത്താവ് അനുഗ്രഹിച്ചു, എന്നായിരുന്നു പറയേണ്ടിയിരുന്നത്. അത് മാത്രമല്ല ഇങ്ങനെ ഒരു കർത്താവിനെ എന്തു വിലകൊടുത്തും കൂടെ നിർത്തുക എന്നതായിരുന്നു അവൻ ചെയ്യേണ്ടിയിരുന്നത്. എന്നാൽ വൈരുദ്ധ്യമായി തോന്നാവുന്ന ഒരു ഉത്തരം എന്തുകൊണ്ടാണ് പത്രോസ് പറഞ്ഞത്? ലോകത്തെ കീഴ്മേൽ മറിക്കുവാൻ ദൈവം മുന്നമേ തിരഞ്ഞെടുത്ത അപ്പസ്തലന്മാരിൽ പ്രധാനിയായിരുന്ന പത്രോസ്, അത്ര വലിയ പാപി ആയിരുന്നുവോ? നല്ല ഇരുട്ട് ഉള്ളപ്പോൾ ഒരു ചെറിയ മെഴുകുതിരി ആണെങ്കിലും വളരെ ഉപകാരപ്രദമാണ്. അതിനു സംസാരിക്കാൻ പറ്റുമെങ്കിൽ ഇങ്ങനെ പറയും: 'ഞാൻ എത്രപേർക്ക് വെളിച്ചം നൽകുന്നു, പലരും കുഴിയിൽ വീഴാതെ നടക്കുവാനും കല്ലിൽ തട്ടാതെ വീഴാതിരിക്കുവാനും ഞാൻ വെളിച്ചം അവർക്ക് നൽകുന്നു'. എന്നാൽ സൂര്യനുദിച്ച് നല്ല വെയിലായി കഴിയുമ്പോൾ, ഈ മെഴുകുതിരി കത്തുന്നുണ്ടോ എന്ന് പോലും നമുക്ക് സംശയം ആയിരിക്കും. നീതി സൂര്യനായ കർത്താവിനോട് എത്രമാത്രം നാം അടുത്തു വരുന്നുവോ അത്രമാത്രം നമുക്ക് വ്യക്തമായി നമ്മിലെ ഇരുളിനെ മനസ്സിലാക്കാം. വെളിച്ചത്തിലേക്ക് വീഴുന്ന ക്ഷുദ്ര ജീവികളുടെ ഒരു വെപ്രാളം ആയിരിക്കും അപ്പോൾ നമുക്ക് അനുഭവപ്പെടുന്നത്. പത്രോസ്

**നീതി സൂര്യനായ കർത്താവിനോട് എത്രമാത്രം നാം അടുത്തു വരുന്നുവോ അത്ര മാത്രം നമുക്ക് വ്യക്തമായി നമ്മിലെ ഇരുളിനെ മനസ്സിലാക്കാം.**

പറഞ്ഞതുപോലെ നാമാരും ഇന്നേവരെ അങ്ങനെ പറഞ്ഞിട്ടില്ലായിരിക്കാം. അത് നാം വിശുദ്ധരായതു കൊണ്ടൊന്നുമല്ല, അത്രത്തോളം നാം കർത്താവിനോട് അടുത്തു ചെന്നിട്ടില്ല എന്നതാണ് സത്യം. കൂടുതൽ അടുത്തു കഴിഞ്ഞാൽ നമ്മിൽ ആഴമായി വേരു പിടിച്ചു കിടക്കുന്ന പല പാപ സ്വഭാവങ്ങളും പിഴുതുമാറ്റി കളയേണ്ടതായിവരും. അത് വളരെ വേദനാജനകമായിരിക്കും. അതു കൊണ്ടുതന്നെ അറിഞ്ഞോ അറിയാതെയോ കർത്താവിൽ നിന്ന് ഒരു അകലംവിട്ടു നിൽക്കാനാണ് നാം പലപ്പോഴും ആഗ്രഹിക്കുന്നത്.

കർത്താവിനോട് ലജ്ജ കൂടാതെ താൻ പാപിയാണെന്നു തന്റെ ആത്മദാരിദ്ര്യം ഏറ്റുപറഞ്ഞ് കരഞ്ഞ, മീൻ പിടിക്കുന്നവനായ പത്രോസിനെ കർത്താവ് മനുഷ്യനെ പിടിക്കുന്നവനായി രൂപാന്തരപ്പെടുത്തി.

പതിനൊന്നാം വാക്യത്തിൽ നമുക്ക് കാണാം; 'പിന്നെ അവർ പടകുകളെ കരെക്കു അടുപ്പിച്ചിട്ടു സകലവും വിട്ടു അവനെ അനുഗമിച്ചു'. പത്രോസിന്റെ ഇല്ലായ്മയിൽ, അവൻ ചോദിക്കാതെ തന്നെ കർത്താവു കൊടുത്ത രണ്ടു പടകു നിറയെ മീൻ, വിൽക്കുവാൻ അവൻ ശ്രമിച്ചിരുന്നു എങ്കിൽ ഒരു വലിയ തുക ലഭിക്കുമായിരുന്നു. എന്നാൽ ഈ ഭൗതിക അനുഗ്രഹങ്ങൾ പോലും വേണ്ടെന്നു വച്ചിട്ട്, ആ അനുഗ്രഹത്തിന്റെ ദാതാവായ കർത്താവിനെത്തന്നെ എനിക്ക് വേണം എന്ന ഒരു ദൂരക്കാഴ്ചയാണ് പത്രോസിന് ലഭിച്ചത്.

ഞാങ്ങണ പോലെ ലോകത്തിന്റെ കാറ്റിൽ ഇളകിയാടിയിരുന്ന ശീമോനെ ക്രിസ്തുവാകുന്ന പാറമേൽ, പണിയുന്ന സഭയുടെ കെട്ടുപണിയിൽ ഉപയോഗിക്കുവാൻ, ഒരു പാറക്കഷണമാക്കി മാറ്റിയ ആ കർത്താവിന്റെ ഏറ്റവും അടുത്തേക്ക് ഒന്ന് ചെല്ലുവാൻ നമുക്ക് മന:പ്പൂർവമായി ആഗ്രഹിക്കാം. പത്രോസ് എന്ന വാക്കിനു പാറക്ഷണം എന്നാണല്ലോ അർഥം. ●

## ദൈവ സ്നേഹത്തിന്റെ വലിപ്പം

ദൈവ സ്നേഹത്തിന്റെ വലിപ്പം എത്ര എന്നറിയാമോ? അതിന് കാൽവറി ക്രൂശിലെ യാഗത്തോളം വലിപ്പമുണ്ട്. ദൈവസ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും പരിമിതമായ മനുഷ്യബുദ്ധിക്കും അനുഭവങ്ങൾക്കും ഗ്രഹിക്കുക ദുഷ്ക്കരമാണ്. നാടുവാഴിയായിരുന്ന പീലാത്തോസിന്റെ അരമന മുതൽ കാൽവറിയുടെ കൊലക്കളം വരെ തന്റെ ഏകജാതനായ പുത്രൻ അതിഘോരമായ പീഡനങ്ങളാൽ തകർപ്പെടുമ്പോൾ, സഹോദരാ, നമ്മോടുള്ള ദൈവ സ്നേഹത്തിന്റെ മാറ്റ് ഉരയ്ക്കപ്പെടുകയിരുന്നു. റോമൻ പടയാളികളുടെ ഓരോ ചാട്ടവാറടിയാൽ തന്റെ ഓമനപുത്രന്റെ ശരീരത്തിൽ നിന്ന് മാംസം ചിതറിത്തെറിക്കുമ്പോൾ, നമ്മുടെ ജീവിതം ചിന്നിച്ചിതറി ദുർബലമാകാതിരിക്കാൻ സ്വർഗ്ഗീയപിതാവ് അത് കണ്ടില്ലെന്നു വയ്ക്കുകയായിരുന്നു. മുൾമുടി പ്രിയപുത്രന്റെ ശിരസ്സിൽ ആഞ്ഞടിക്കുമ്പോൾ നമ്മുടെ മനസ്സിലെ വന്യമായ, മലിനമായ ചിന്തകളുടെ മലിനതകൾ അവിടുന്ന് തുടച്ചു മാറ്റുകയായിരുന്നു. മരക്കുരിശിൽ തന്റെ കരങ്ങൾ ഇരുവശങ്ങളിലേക്കും പടയാളികൾ വലിച്ചുനീട്ടി, നീണ്ടുകൂർത്ത കാരിരുമ്പാണികൾ ഉള്ളംകരങ്ങളിലേക്ക് തറയ്ക്കുമ്പോൾ, നമുക്ക് നിത്യജീവൻ നൽകുവാനുള്ള സ്വർഗ്ഗീയ ഉടമ്പടി പിതാവ് തന്റെ കരങ്ങളാൽ എഴുതുകയായിരുന്നു. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ, ചരിത്രത്തിന്റെ മദ്ധ്യേ, ഭൂമിയുടെ മദ്ധ്യേ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ, രണ്ട് കള്ളന്മാരുടെ മദ്ധ്യേ, മൂന്ന് ആണികളിൽ വേദനയും പീഡനങ്ങളും ഏറ്റുവാങ്ങിയ ആ സ്വർഗ്ഗീയരാജകുമാരന്റെ ശരീരത്തിൽനിന്ന് ആത്മാവ് വേർപെടുന്നതിനു മുമ്പായി, എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് എന്ന് നിലവിളിച്ചു. സ്വന്തം പുത്രന്റെ ശബ്ദം സ്വർഗ്ഗീയപിതാവ് മന:പ്പൂർവ്വം കേൾക്കാതിരുന്നത് തന്റെ ഓമനമകന്റെ ജീവനേക്കാൾ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന അളക്കാനാവാത്ത ദൈവസ്നേഹത്തിന്റെ വലുപ്പം നമ്മെ ബോധ്യപ്പെടുത്തേണ്ടതിനായിരുന്നു. പിതാവേ എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഏൽപ്പിക്കുന്നു എന്നുപറഞ്ഞു കൊണ്ട് പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ ഏൽപ്പിക്കുമ്പോൾ, അതേ, സ്വന്തം പുത്രന്റെ ജീവനേക്കാൾ നമ്മെ ഓരോരുത്തരെയും, മനുഷ്യകുലത്തെ ആകമാനം സ്നേഹിച്ച ആ സ്വർഗീയപിതാവിന്റെ സ്നേഹപ്രദർശനമാണ് കാൽവറി മലമുകളിൽ കാണുന്ന ക്രൂശിതനായ യേശു. നമുക്കായി തകർക്കപ്പെട്ട യേശു കർത്താവിനെ എല്ലായ്പ്പോഴും മുമ്പിൽ കണ്ടുകൊണ്ടു നമ്മുടെ മോക്ഷയാത്ര തുടരാം. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# ഹൃദയം നല്ലതാകുവാൻ

***'ഒന്നുകിൽ വൃക്ഷം നല്ലത് ഫലവും നല്ലത് എന്ന് വയ്പ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്ന് വയ്പ്പിൻ. ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്. സർപ്പ സന്തതികളെ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലത് സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സം സാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കു ന്നു; എന്നാൽ മനുഷ്യൻ പറയുന്ന ഏതു നി സ്സാരവാക്കിനും ന്യായവിധിദിവസത്തിൽ ക ണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. നിന്റെ വാക്കുകളാൽ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും' (മത്തായി 12: 33 - 37).***

ഹൃദയത്തെ അശുദ്ധമാക്കുന്ന ഏറ്റവും മാരകമായ മാലിന്യമാണ് അവിശ്വാസം. സഹോദരന്മാരെ ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിനു 'അവിശ്വാസം ഉള്ള ദുഷ്ട ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിക്കാൻ നോക്കുവിൻ' (എബ്രായർ 3:12). അവിശ്വാസമുള്ള ഹൃദയം ദുഷ്ടഹൃദയമാണ്. ദൈവത്തെ ത്യജിക്കുന്നതാണ് ഏറ്റവും വലിയ ദുഷ്ടത. അവിശ്വാസത്താൽ ഹൃദയം ദുഷിച്ചു കഠിനപ്പെട്ടിരിക്കുന്നതും മലിനപ്പെട്ടിരിക്കുന്നതുമായ യഹൂദജനതയുടെ പ്രമാണികളോട് കർത്താവ് സംസാരിക്കുന്നതാണ് നമ്മുടെ പഠനവിഷയം .

ഒന്നുകിൽ വൃക്ഷം നല്ലത് ഫലവും നല്ലത് എന്ന് വെയ്പ്പിൻ, അല്ലെങ്കിൽ വൃക്ഷം ചീത്ത ഫലവും ചീത്ത എന്ന് വെയ്പ്പിൻ എന്നത് പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ഒരു പാഠമാണ്. ഒന്നുകിൽ നല്ലത്, അല്ലെങ്കിൽ ചീത്ത. അതിനിടയിൽ മറ്റു തരത്തിലുള്ള ഒന്നില്ല. നല്ലതല്ലാത്തത് എല്ലാം ചീത്തയാണ്. ചീത്ത നാമാരും ആഗ്രഹിക്കുന്നില്ല, നല്ലതിന് മാത്രമേ അംഗീകാരം ലഭിക്കുകയുള്ളൂ. ഫലം നല്ലതോ ചീത്തയോ എന്ന് നോക്കിയാണ് വൃക്ഷം നല്ലതാണോ ചീത്തയാണോ എന്ന് നാം തിരിച്ചറിയുന്നത്. ചീത്ത വൃക്ഷം ഉപയോഗശൂന്യം ആയിരിക്കുകയാൽ നാം അത് വെട്ടിക്കളയും.

ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് തന്നെ ആക്ഷേപിച്ച പരീശന്മാരോടു, അവരുടെ അവിശ്വാസം നിറഞ്ഞ, കഠിന ഹൃദയത്തിൽ നിന്ന് ഉത്ഭവിച്ച ചീത്ത അധരഫലത്തെ കണ്ടുകൊണ്ട്, കർത്താവ് ചോദിക്കുന്നു, 'സർപ്പസന്തതികളെ' നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലത് സംസാരിക്കുവാൻ എങ്ങനെ കഴിയും? സർപ്പസന്തതികൾ എന്നാൽ പിശാചിന്റെ സന്തതികൾ എന്നർത്ഥം. പാപം ചെയ്യുന്നവരെല്ലാം പിശാചിന്റെ സന്തതികളാണ് (1 യോഹന്നാൻ 3:8). അവിശ്വാസത്താൽ ദൈവത്തിന്റെ വഴികളിൽ നിന്ന് വ്യതിചലിച്ച് അവർ ദുഷ്ട ഹൃദയമുള്ളവർ ആയിത്തീർന്നു. അതിനാൽ അവർക്ക് നല്ലത് സംസാരിക്കാൻ കഴിയില്ല. അവിശ്വാസത്താൽ കഠിനപ്പെട്ട ഹൃദയത്തിന് ദൈവത്തിന്റെ പ്രവർത്തി ഗ്രഹിക്കാൻ കഴിയുകയില്ല. ഇസ്രായേലിന്റെ വാഗ്ദത്തമശിഹായെ അവർ കണ്ണുകൊണ്ട് കണ്ടിട്ടും, താൻ ചെയ്ത അത്ഭുത പ്രവർത്തികൾ കണ്ടിട്ടും കേട്ടിട്ടും, അവർക്കു അവനെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നാണ് വായ് സംസാരിക്കുന്നത്. തിരുവെഴുത്തുകളിലുള്ള വിശ്വാസത്താൽ നിറഞ്ഞ ഹൃദയത്തിലാണ്

ദൈവം വസിക്കുന്നത്. ആ ഹൃദയത്തിൽ നിന്ന് ദൈവത്തോടുള്ള നന്ദിയും സ്നേഹവും നിറഞ്ഞു കവിയുന്നു. അപ്പോൾ ദൈവത്തെക്കുറിച്ചുള്ള സ്തുതികളും പുകഴ്ചകളും നാവിൽ നിന്ന് പുറത്തേക്ക് വരുന്നു. യാഥാർത്ഥമായും അവർ ദൈവത്തിന്റെ ആരാധകരാണ്. പരീശന്മാർ ഇപ്രകാരം ഉള്ളവർ ആയിരുന്നുവെങ്കിൽ, അവർ എത്ര ഭാഗ്യം ഉള്ളവരാകുമായിരുന്നു. കുരുടരായ അവർ നിർഭാഗ്യവാന്മാരായിത്തീർന്നു. അവരുടെ മശിഹായെ അവർക്കു തിരിച്ചറിയുവാനും അത്യധികം ആനന്ദിക്കുവാനും കഴിയേണ്ടതായിരുന്നു. ദുഷ്ടന്മാർ ആയിത്തീർന്ന അവർ അവിശ്വാസം നിറഞ്ഞ അവരുടെ ദുഷ്ട ഹൃദയത്തിൽ നിന്നും യേശുവിനെ ആക്ഷേപിച്ച് സംസാരിച്ചു. "എന്നാൽ മനുഷ്യൻ പറയുന്ന ഏത് നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും" എന്നത് നിലനിൽക്കുന്ന ദൈവിക യാഥാർഥ്യമാണ്. മനുഷ്യർക്കു ന്യായവിധിയെക്കുറിച്ചുള്ള ഗൗരവമായ മുന്നറിയിപ്പ് കർത്താവു നൽകുന്നു. ന്യായവിധിയെക്കുറിച്ചു പറഞ്ഞു ഭയപ്പെടുത്തുക അല്ല കർത്താവിന്റെ ലക്ഷ്യം, പ്രത്യുത ആ യാഥാർഥ്യത്തെ ഓർമ്മിപ്പിക്കുകയാണ്.

നാം പറയുന്ന നിസാര വാക്കിനു പോലും ന്യായവിധിദിവസത്തിൽ കണക്ക് ബോധിപ്പിക്കണമെന്ന ഗൗരവമായ ചിന്ത നമ്മെ ഭരിക്കേണ്ടത് ആവശ്യമാണ്. 'നിസ്സാര വാക്ക്'എന്നതു മനുഷ്യന്റെ കാഴ്ചപ്പാടാണ്. എന്നാൽ ദൈവം അതിനെ നിസ്സാരമായി കാണുന്നില്ല. സംസാരത്തിൽ സൂക്ഷ്മത ഉള്ളവരായിരിക്കേണ്ടതിന്റെ ആവശ്യകത നാം മനസ്സിലാക്കണം. നല്ലത് സംസാരിക്കുവാൻ ശീലിക്കണം. നല്ലത് സംസാരിക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ നല്ല നിക്ഷേപം ഉണ്ടാകണം. ഒന്നാമതായി ദൈവവുമായുള്ള നമ്മുടെ ആത്മബന്ധം പ്രധാനപ്പെട്ട വസ്തുതയാണ്. ദൈവത്തിൽ വിശ്വാസം അർപ്പിച്ചിട്ടുള്ളവർ ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നവരും അനുസരിക്കുന്നവരും ആയിരിക്കണം. അവരുടെ വാക്കുകൾ ദൈവത്തിന് മഹത്വം കൊടുക്കുന്നതായിരിക്കും. അതുപോലെ മറ്റുള്ളവരോടുള്ള നമ്മുടെ കാഴ്ചപ്പാടും പ്രാധാന്യമുള്ളതാണ്. മറ്റുള്ളവരുടെ ക്ഷേമത്തിലും സന്തോഷത്തിലും താല്പര്യമുള്ളവർ മറ്റുള്ളവരെക്കുറിച്ച് നല്ലത് ആഗ്രഹിക്കുകയും സംസാരിക്കുകയും ചെയ്യും.

ന്യായവിധി എന്നത് സുനിശ്ചിതമായ കാര്യമാണ്. 'ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു' (എബ്രായർ 9:27) എന്നത് മാറ്റമില്ലാത്ത ദൈവവ്യവസ്ഥയാണ്. ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപിൽ നാം കണക്ക് ബോധിപ്പിക്കണമെന്ന് മറ്റൊരിടത്തു പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. 'അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു' (2 കൊരിന്ത്യർ 5:10).

നാം ചെയ്ത പ്രവർത്തികളിൽ നമ്മുടെ വാക്കുകളും ഉൾപ്പെടും. ക്രിസ്തുവിന്റെ പരിജ്ഞാനത്തിനു വിരോധമായി സംസാരിച്ച എല്ലാ വാക്കുകൾക്കും കണക്ക് ബോധിപ്പിക്കേണ്ടി വരും . അതുകൊണ്ട് എത്ര ഭയഭക്തിയോടും വിശുദ്ധിയോടും നമ്മുടെ ജീവിതം നയിക്കേണ്ടി ഇരിക്കുന്നു എന്ന് മനസ്സിലാക്കുക. ***നല്ല ചിന്തകളുടെ നിക്ഷേപമുള്ള ഹൃദയം ആയിരിക്കട്ടെ നമ്മുടേത്. അപ്പോൾ നമ്മുടെ വാക്കുകളും പ്രവർത്തികളും നല്ലതായിരിക്കും. ഹൃദയത്തിൽ കൈപ്പും വിദ്വേഷവും ഇല്ലാതിരിക്കട്ടെ. മറിച്ച് എല്ലാവരോടും ക്ഷമിക്കുന്ന മനസ്സ് ആയിരിക്കട്ടെ നമ്മുടേത്.***

നാം സംസാരിക്കുന്ന അവിശ്വാസത്തിന്റെ വാക്കുകൾ ദൈവമുമ്പാകെ നമ്മെ കുറ്റക്കാരാക്കും. എന്നാൽ വിശ്വാസത്താൽ ക്രിസ്തുവിനെയും, താൻ കൃപയാൽ നമുക്കായി ചെയ്ത രക്ഷണ്യ പ്രവർത്തികളെയും ഏറ്റു പറയുമ്പോൾ അത് നമ്മെ നീതീകരിക്കുന്നത് ആകും. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയുംചെയ്യും. ●


## വചന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്

**ബ്രദർ ജോയ് എം തോമസിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ**

**NERVEEDHI YouTube ചാനൽ സന്ദർശിക്കുക.**

**യാക്കോബിന്റെ ലേഖനം ആസ്പദമാക്കി, ബ്രദർ ജോയ് എം. തോമസ് നയിക്കുന്ന ദൈവവചന പഠനപരമ്പര ലഭിക്കുവാൻ**

**NCCA MEDIA YouTube ചാനൽ സന്ദർശിക്കുക.**

## യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം

ഇതാ മശിഹയെത്തിയിരിക്കുന്നു; ആത്മാവിൽ പുതുവീഞ്ഞു നിറയ്ക്കാൻ! രട്ട് അഴിച്ചുമാറ്റി ഉത്സവവസ്ത്രം ധരിപ്പിക്കുവാൻ! വിലാപത്തെ വിജയഭേരിയാക്കുവാൻ, ഉടഞ്ഞ നരിയാണികളെ ഉറപ്പിച്ച് നൃത്തം ചെയ്യിപ്പിക്കുവാൻ ...

ഇതു പൂർണമായും യേശുനാഥന്റെ പ്രവൃത്തി. കല്പാത്രങ്ങളിൽ വെള്ളം 'വക്കോളം' നിറച്ചു (യോഹന്നാൻ 2:7). ഒന്നും അതിൽ ഇനി ചേർക്കേണ്ടതില്ല. നിറവും മണവും ഗുണവും വരുത്താൻ മനുഷ്യന്റെ യാതൊരു സഹായവും ദൈവത്തിനു ആവശ്യമില്ല! ആത്മനിറവുണ്ടാക്കാൻ താളക്കൊഴുപ്പിന്റെ അകമ്പടി അനിവാര്യമല്ല. സ്റ്റേജിലെ സ്പോട്ട് ലൈറ്റുകളുടെ യന്ത്രക്കളിയില്ലാതെ വചനത്തിന്റെ പ്രഘോഷണം അസാധ്യമെന്നു ചിന്തിക്കുന്നവരേ, നമ്മുടേതൊന്നും ചേർക്കാനാവാതെ വക്കോളം അവനാൽ നിറയുമ്പോഴാണു അത്ഭുതം നടക്കുന്നതെന്ന് എന്നാണിനി നിങ്ങൾ മനസിലാക്കുന്നത്?

അടുത്തിടെ വിജു (വി.ജെ.ട്രാവൻ) ഒരു 'സാഹസം'ചെയ്തു. മണിക്കൂറുകൾ നീണ്ടു നില്ക്കുന്ന "പ്രെയ്സ് ആൻഡ് വർഷിപ്പ്" മീറ്റിംഗിൽ വിജുവിനെക്കൂടാതെ ഏഴ് 'വർഷിപ്പ് ബാന്റുകൾ' പാടാനെത്തിയിട്ടുണ്ട്. അവരുടെ 'വർഷിപ്പ് ലീഡേഴ്സിനെ' (മുപ്പതോളം പേർ) സ്റ്റേജിലേക്കു വിളിച്ചുകയറ്റി മൈക്കും ഗിത്താറും കീബോർഡും ഒന്നും കൊടുക്കാതെ വിജു പറഞ്ഞു: നമുക്കിപ്പോൾ കർത്താവിനെ ആരാധിക്കാം!

ചില നിമിഷങ്ങൾക്കു മുമ്പു സ്റ്റേജിൽ പാടിത്തകർത്ത, ഉറഞ്ഞുതുള്ളിയ, നൃത്തമാടിയ 'വർഷിപ്പ് വീരന്മാർ'' മൈക്കും ഗിത്താറും കീബോർഡുമില്ലാതെ നിന്നു വിയർത്തു. 20,000 വാട്ട്സ് ശബ്ദത്തിന്റെ കൊഴുപ്പില്ലാത്ത എന്തോന്ന് ആരാധന? ചെവി പൊട്ടിക്കുന്ന ഡ്രംസിന്റെ പിൻബലമില്ലാതെ എന്തൊന്നു പാട്ട്?

" ഇപ്പോൾ കോരി വിരുന്നുവാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു അവൻ പറഞ്ഞു'' (യോഹന്നാൻ 2:8)

വക്കോളം നിറഞ്ഞവനു അതിൽ നിന്ന് വെറുതെ കോരിയോഴിച്ചു കൊടുത്താൽ മതി. കീബോർഡും മൈക്കും ഡ്രംസും തെറ്റാണെന്നല്ല; അതു ആരാധനയ്ക്കുള്ള ഉപാധിയല്ല, ആരാധനയാവണം! വെള്ളം നിറച്ച കൽഭരണിയോ, കോരിയൊഴിച്ച പാത്രമോ ഏതുമില്ല.

കൽഭരണിയിലെ വെള്ളം മധുരമുള്ള പുതുവീഞ്ഞാക്കിക്കൊണ്ടാണ്! ഒരിടത്തു കുടിവെള്ളം രക്തമായിത്തീരുമ്പോൾ ഇവിടെ കുടിക്കുവാൻ പോലും കൊള്ളാത്ത വെള്ളം മുന്തിരിച്ചാറായിത്തീരുന്നു!

"യെഹൂദന്മാരുടെ ശുദ്ധീകരണനിയമം അനുസരിച്ച്" എന്ന വാകൃത്തിൽ അടയാളത്തിന്റെ അഭിധാനം (clue) ഒളിഞ്ഞുകിടക്കുന്നു. യെഹൂദന്മാർ ചന്തയിലും മറ്റും പോയി തിരികെ വന്നാൽ ''പൂർവന്മാരുടെ സമ്പ്രദായം'' അനുസരിച്ച് കാലുംകയ്യും കഴുകിയിരുന്നു (മർക്കൊസ് 7:1–7). കുളിക്കുന്നതും കൈകഴുകുന്നതും നല്ലതുതന്നെ. ശരീരശുദ്ധി സൂക്ഷിക്കുന്നതു തീർച്ചയായും അനിവാര്യം! എന്നാൽ, ഇക്കൂട്ടർ കയ്യും കാലും കഴുകുന്നതു വേറൊരർഥത്തിലാണ്. ചന്തയിലൂടെ നടക്കുമ്പോൾ ഒരുപക്ഷേ അവർക്കു മുമ്പേ നടന്ന വ്യക്തി ഒരു വിജാതീയനായിരിക്കാം. ജാതികൾ സ്പർശിച്ച സ്ഥലങ്ങളിലൊക്കെ, അറിയാതെ അവരുടെ കൈകളും സ്പർശിക്കപ്പെട്ടിരിക്കാം! അപ്പോഴൊക്കെ വിജാതികളാൽ തങ്ങൾ അശുദ്ധരാകുമെന്നായിരുന്നു അവരുടെ ചിന്ത. ആ അശുദ്ധി മാറ്റാൻ എന്തു ചെയ്യണം? ചില പ്രത്യേക രീതിയിൽ (പൂർവന്മാരുടെ സമ്പ്രദായമനുസരിച്ച്) കൈകാലുകൾ കഴുകിയാൽ മതിയെന്നു അവർ പറഞ്ഞു.

യെഹൂദമതം ഹൃദയശുദ്ധിക്കല്ല, ബാഹ്യശുദ്ധിക്കാണു പ്രാധാന്യം നല്കിയത്. ദൈവാത്മാവു നിർവഹിക്കേണ്ട ആന്തരിക ശുദ്ധീകരണത്തെ (യെഹെസ്ക്കേൽ 36:25–27) കല്പ്പാത്രത്തിലെ വെള്ളംകൊണ്ടു കഴുകിവരുത്താവുന്ന ഒന്നായി അവർ തരം താഴ്ത്തി. ഉള്ളിൽ നുരഞ്ഞുപൊങ്ങേണ്ട സന്തോഷത്തെ അവർ ആചാരത്തിന്റെ അനുസരണംകൊണ്ട് മനം മടുപ്പിക്കുന്നതാക്കി!

യെഹൂദമതത്തിൽ വീഞ്ഞു തീർന്നുപോയി. യെഹൂദമതത്തിൽ മാത്രമല്ല, ആധുനിക ക്രിസ്തീയസഭകളിലും വീഞ്ഞുതീർന്നുപോയി... നവീകരണ പ്രസ്ഥാനങ്ങളിലും ഉണർവു സംഘങ്ങളിലും വീഞ്ഞു തീർന്നുപോയി... എല്ലാം ഇന്നു മനസ്സുമടുപ്പിക്കുന്ന ആചാരപ്പെരുമാറ്റങ്ങൾ മാത്രം! ഒരു കാലത്തു സഭായോഗങ്ങൾ ഉത്സവങ്ങളായിരുന്നു. ഇന്നിപ്പോൾ കടമ നിറവേറ്റുന്ന ലാഘവത്തോടെ, വന്നിരുന്നു മടങ്ങിപ്പോകുന്ന ഉണക്കയോഗങ്ങൾ!

അതിൽ നിറഞ്ഞ പുതുവീഞ്ഞത്രേ കാര്യം!

"വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചിനോക്കിയാറെ മണവാളനെ വിളിച്ചു. എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരിപിടിച്ച ശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്; നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ എന്നു പറഞ്ഞു" (യോഹന്നാൻ 2:9,10).

ഇവിടെ ഒരു വിശകലനം ആവശ്യമുണ്ട്. യേശു ലഹരിപിടിപ്പിക്കുന്ന വീഞ്ഞു നല്കിയെന്നും അതിനാൽ ലഹരിമദ്യം ഉപയോഗിക്കുന്നതു തെറ്റില്ലെന്നുമാണു ചിലരുടെ വാദം.

''നല്ല വീഞ്ഞ്' എന്നാൽ 'ലഹരിവീഞ്ഞ്'' എന്നർഥമില്ല എന്നറിയണം. വാസ്തവത്തിൽ ലഹരി പിടിപ്പിക്കുന്ന വീഞ്ഞ് നല്ല വീഞ്ഞല്ല; വില കൂടിയ വീഞ്ഞ് വളരെ ചെറിയ അളവിലേ മത്തു പിടിപ്പിക്കയുള്ളൂ. ലഹരിവീഞ്ഞ് ശുദ്ധമായ മുന്തിരിച്ചാറല്ല, അതിൽ ലഹരിപിടിപ്പിക്കുവാൻ വേറെ പലതും ചേർക്കാറുണ്ട്.

"നല്ല വീഞ്ഞ്' വിലകൂടിയ വീഞ്ഞാണ്, ആസ്വദിച്ചു കുടിക്കുവാനുള്ളതാണ്. ഒരു കല്യാണവിരുന്നിൽ ആദ്യം നല്ല വീഞ്ഞ് കൊടുക്കുന്നു. വിരുന്നുകാർ അതു ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ ക്രമേണ ലഹരി വീഞ്ഞ് അവർക്കു പകരുന്നു. ലഹരി പിടിച്ചാൽ പിന്നെ വീഞ്ഞിന്റെ ഗുണനിലവാരം അറിയാൻ അവർക്കു കഴിയില്ല. അപ്പോൾ പിന്നെ ഏതു വീഞ്ഞും, വിലകുറഞ്ഞ വീഞ്ഞും വിളമ്പാം. ആരും ശ്രദ്ധിക്കുകയില്ല.

യേശു ബോധം കെടുക്കുന്ന വില കുറഞ്ഞ-മായം കലർന്ന വീഞ്ഞല്ല; പ്രത്യുത, ഗുണവും മണവും രുചിയും നിറഞ്ഞ നല്ല വീഞ്ഞാണ്. അന്തരാത്മാവിൽ ആനന്ദം നിറയ്ക്കുന്ന പുതിയ വീഞ്ഞാണ്. "അവന്റെ നിറവിൽ നിന്നു നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു (യോഹന്നാൻ1:16).

എന്നിൽ പലപ്പോഴും വീഞ്ഞു തീർന്നുപോയിട്ടുള്ള അവസ്ഥ ഉണ്ടായിട്ടുണ്ട്. ഉള്ളിൽ ദാഹിച്ചു വരളുമ്പോഴും കൽഭരണിയിലെ വെള്ളം കാലിലൊഴിച്ച് സംതൃപ്തനാവാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്; നിരാശനായിട്ടുണ്ട്! ഇന്നു അങ്ങയുടെ പുതുവീഞ്ഞ് പകർന്നു എന്റെ അന്തരാത്മാവിന്റെ ദാഹം തീർക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. •

## കല്പിച്ചതൊക്കെയും ചെയ്യുക

അധികാരമുള്ളവൻ കല്പിച്ചാൽ അധികാരത്തിനു കീഴ്പ്പെട്ടവർ അനുസരിച്ചേ പറ്റൂ. യേശുവിനെ കർത്താവെന്ന് ഏറ്റുപറഞ്ഞ ദൈവമക്കൾ കർത്താവിന്റെ കല്പനകൾ ചോദ്യംചെയ്യാതെ അനുസരിക്കാൻ കടപ്പാടുള്ളവരാണ്. കല്പനകൾ സൗകര്യാനുസരണം അനുസരിക്കുകയോ പറ്റില്ലെന്നു തോന്നിയാൽ തള്ളിക്കളകയോ ചെയ്യാൻ നമുക്ക് അതിന്മേൽ വിവേചനാധികാരമില്ല.

പുതിയനിയമത്തിന്റെ അടിസ്ഥാനപ്രമാണങ്ങളുടെ അനുസരണം മാത്രമല്ല, വചനം പ്രാർഥനയോടെ ധ്യാനിക്കുമ്പോൾ പരിശുദ്ധാത്മാവ് നിയോഗമായി ഉള്ളിൽ പ്രകാശിപ്പിക്കുന്ന ആലോചനകളുടെ അനുസരണവും നമ്മുടെ കടപ്പാടാണ്. അവയിൽ തെറ്റുകളുടെ തിരുത്തലുകൾ, ജീവിതക്രമീകരണം, ഉത്തരവാദിത്തങ്ങളുടെ നിർവഹണം, ശുശ്രൂഷകൾക്കു ചുമൽകൊടുക്കൽ തുടങ്ങി പലതുമുണ്ടാകാം. ഏതായാലും ചോദ്യംചെയ്യാതെ അനുസരിക്കുക എന്നതാണു പ്രധാനം.

ഇനി, നാളുകളായി കർത്താവു ഭരമേൽപിച്ച ആത്മിക ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിനു പ്രതിഫലം കിട്ടിയിട്ടില്ല, ദൈവം മാനിച്ചിട്ടില്ല തുടങ്ങിയ പരാതികൾ മനസ്സിന്റെ ഉള്ളിൽ സൂക്ഷിച്ചു ഭാരപ്പെടുന്നുവെങ്കിൽ അവിടെയും തെറ്റുപറ്റിയിരിക്കയാണു നമുക്ക്. കർത്താവു പ്രതിഫലം തരുമെന്നത് തീർച്ച. പക്ഷെ, അത് അർഹതയുടെ പേരിലാകാൻ സാധ്യമല്ല. കാരണം, നമ്മുടെ കടപ്പാടുകൾ ദൈവസന്നിധിയിൽ കൃത്യമായി ചെയ്തുതീർത്തു എന്ന് നമുക്കെങ്ങനെ അവകാശപ്പെടാനാകും! ലഭിക്കുന്നത് അർഹതയുടെ പേരിലല്ല, കൃപയുടെ പേരിലായിരിക്കും.

"അവ്വണ്ണം നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തശേഷം: ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറവിൻ" (ലൂക്കൊസ് 17:10).

# എക്കാലത്തും ആശ്രയം ദൈവത്തിൽ മാത്രം

ഇതുപോലൊരു ദുഷ്ക്കാലം നമ്മുടെയോ നമ്മുടെ പിതാക്കന്മാരുടെയോ കാലത്ത് ഉണ്ടായിട്ടില്ല എന്ന് ഏവരും ഒരുപോലെ പറയുന്നു. കൊറോണ വൈറസിന്റെ വ്യാപനം ലോകത്താകമാനം മരണം വിതച്ചു കൊണ്ടിരിക്കുന്നു. യാതൊരു വേർതിരിവും ഇല്ലാതെ കൊറോണവൈറസിന്റെ മുൻപിൽ വിറങ്ങലിച്ചു നിൽക്കുന്ന അവസ്ഥ! മനുഷ്യന്റെ ആരോഗ്യ സംവിധാനങ്ങൾ എല്ലാം പരാജയമാകുന്ന കാഴ്ച! രാജ്യത്തലവൻ മുതൽ സാധാരണ പൗരൻ വരെ ഒരുപോലെ പ്രാണവായുവിനായി നിലവിളിക്കുന്നു. അതെ, മനുഷ്യന്റെ പ്രയത്നങ്ങളും നേട്ടങ്ങളും ഒന്നും സമൂഹത്തിന്റെ നിലനിൽപ്പിന് സഹായം ആകുന്നില്ല. ഇവിടെയാണ് മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത് എന്നതിന്റെ പ്രസക്തി മനസിലാകുന്നത്. ശാസ്ത്രരംഗത്തു ബഹുകാതം മുൻപിൽ നിൽക്കുന്ന പുകൾപെറ്റ രാജ്യങ്ങൾ വരെ നിസ്സഹായരായിരിക്കുന്നു! മുൻപ് ദൈവത്തിൽ ആശ്രയിക്കാതെ സ്വന്തം കഴിവിലും സമ്പത്തിലും മേനി നടിച്ചവരൊക്കെ ഇന്ന് ദൈവത്തോട് നിലവിളിക്കാൻ നിർബന്ധിതരായിരിക്കുന്നു. ഏത് സാഹചര്യത്തിലും ദൈവത്തോട് നിലവിളിച്ചു ഭക്തിയോടെ അടുത്തുവന്നാൽ ദൈവം അവരുടെ നിലവിളികൾക്കു മറുപടി തരും. ദൈവത്തിൽ ആശ്രയിക്കുന്നവരെ സഹായിക്കാൻ അവിടുന്നു ഇറങ്ങി വരും. നമ്മുടെ ആശ്രയം എവിടെയാണ്? ഞാൻ എന്റെ വില്ലിൽ ആശ്രയിക്കുക ഇല്ല എന്റെ വാൾ എന്നെ രക്ഷിക്കുകയുമില്ല. നാം സ്വയത്തിലോ ജോലിയിലോ മക്കളിലോ ബന്ധുബലത്തിലോ ആശ്രയിക്കുന്നവരാണ്, പ്രശംസിക്കുന്നവരാണ്. പക്ഷേ ഇത് ദൈവപ്രസാദം അല്ല എന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. ദൈവാശ്രയത്തിലേക്കു ഏവരും മടങ്ങി വന്നാൽ അവിടുന്ന് നമ്മോടു വീണ്ടും ദയ കാണിക്കും. അപ്രകാരമുള്ള ഒരു അനുതാപവും ആത്മതപനവും നമ്മിൽ നിന്നും ഉണ്ടാകാൻ സ്വർഗീയ പിതാവ് കാത്തിരിക്കുന്നു. അങ്ങനെ ഒരു നല്ല ബന്ധം പുന:സ്ഥാപിക്കാൻ ഇടയായാൽ പണ്ടത്തെപ്പോലെ ഒരു നല്ല കാലം നമ്മുടെ ദേശങ്ങളിൽ ഉണ്ടാകും. അതിനായി നമുക്ക് പ്രാർത്ഥനയിൽ പോരാടാം.

എംസി

**Bank Account Details:**

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

*നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ*
*ഉത്തമ സുഹൃത്തുമായ നേർവീഥി*
*നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....*


*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.*
*മാസിക യഥോചിതം അയക്കുവാനും*
*കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.07.2021

NERVEEDHI - JULY 2021
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ.പി
പബ്ലിക്കേഷൻസിൽനിന്നും




ഇപ്പോൾ
ലഭ്യമാണ്

# നാം

ചെയ്യുവാൻ കടപ്പെട്ടിരുന്ന ഒരു വലിയ
ജോലിയുടെ നിർവഹണമോ നാം
കൊടുത്തു തീർക്കുവാൻ കടപ്പെട്ടിരുന്ന
വലിയൊരു കടത്തിന്റെ
കൊടുത്തുതീർക്കലോ നമുക്കായി
മറ്റൊരാൾ ഏറ്റെടുത്തു എന്നു കേട്ടാൽ
എന്തൊരു ആശ്വാസമാണു മനസ്സിൽ
തോന്നുക.
മറ്റുള്ളവർക്കുവേണ്ടി ജനിച്ച യേശു,
മറ്റുള്ളവർക്കായി ജീവിച്ച യേശു,
മറ്റുള്ളവർക്കായി മരിച്ച യേശു,
അവിടുന്നാണല്ലോ നമ്മുടെ
കർത്താവായ യേശു. കാൽവറിയിൽ
യേശു സഹിച്ചതൊന്നും
തനിക്കായിട്ടായിരുന്നില്ല,
നമുക്കായിട്ടായിരുന്നു.
യേശുവിന്റെ മരണംനിമിത്തം
ജീവിച്ചവർ തങ്ങൾക്കായി മരിച്ച്
ഉയിർത്തവനുവേണ്ടി ജീവിക്കണം...
നമുക്കായി മരിച്ചവനുവേണ്ടി
ജീവിക്കാൻ സമർപ്പിക്കപ്പെട്ട
ജീവിതത്തിലൂടെ നമുക്കു ഒന്നു
ചെയ്യുവാൻ കഴിയും.
യേശു ചെയ്യുവാൻ ആഗ്രഹിക്കുന്നതും
നമുക്ക് ചെയ്യാൻ കഴിയുന്നതുമായ
ഒരു പ്രവൃത്തി യേശുവിനു പകരമായി
ചെയ്തു തീർക്കുക.

**കെ.വി. രാജു** (Late)

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.